## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1041** **14.01.2021-ൽ മറുപടിക്ക്**

## ഇതര സംസ്ഥാന തൊഴിലാളികളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സജി ചെറിയാൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമവും ആരോഗ്യ സംരക്ഷണവും സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ ലഭ്യമാക്കാമോ; | (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമവും ആരോഗ്യ സംരക്ഷണവും സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച പ്രധാന ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |
| (ബി) ഈ ഉത്തരവുകളുടെ മേൽനോട്ടം വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയെന്ന് വ്യക്തമാക്കാമോ? | (ബി) 1979-ലെ ഇതരസംസ്ഥാന തൊഴിലാളി നിയമം പ്രാവർത്തികമാക്കുന്നതിനായി തൊഴിൽ വകുപ്പിൽ ലേബർ കമ്മീഷണർ മുതൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) വരെയുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വൃത്തിയും സുരക്ഷിതവുമായ ഭവന സൗകര്യം ഉറപ്പുവരുത്തുന്നതിനുള്ള അപ്നാഘർ പദ്ധതി, ഭവനം ഫൗണ്ടേഷൻ, കേരള മുഖേന നടപ്പിലാക്കി വരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് രൂപം നൽകിയ ആവാസ് പദ്ധതിയുടെ നോഡൽ ഓഫീസറായി അഡീഷണൽ ലേബർ കമ്മീഷണർ (വെൽഫെയർ)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആവാസ് പദ്ധതിയുടെ നിർവ്വഹണം ജില്ലാ ലേബർ ഓഫീസർ മുഖേനയാണ്. ആവാസ് പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി നടപ്പിലാക്കുന്നത് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമബോർഡ് മുഖേനയാണ്. |

സെക്ഷൻ ഓഫീസർ.

©
Government of Kerala
കേരള സർക്കാർ
2010

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്

## EXTRAORDINARY
## അസാധാരണം

### PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LV<br>വാല്യം 55 | Thiruvananthapuram, Monday<br>തിരുവനന്തപുരം, തിങ്കൾ | 29th March 2010<br>2010 മാർച്ച് 29<br>8th Chaithra 1932<br>1932 ചൈത്രം 8 | No. 770<br>നമ്പർ |

## കേരള സർക്കാർ

<u>തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്</u>

### വിജ്ഞാപനം

ജി. ഒ. (എംഎസ്.) നമ്പർ 46/2010/തൊഴിൽ. *തിരുവനന്തപുരം, 2010 മാർച്ച് 29.*

കേരള സംസ്ഥാനത്തിനകത്ത് ജോലി ചെയ്തുവരുന്ന അന്യസംസ്ഥാനത്തുനിന്നുമുള്ള കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനായി ഒരു നിധി രൂപീകരിക്കുന്നതിനും, നിശ്ചിത ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുംവേണ്ടി സർക്കാർ ഇതിനാൽ താഴെപ്പറയുന്ന പദ്ധതി ഉണ്ടാക്കുന്നു, അതായത്:—

<u>അദ്ധ്യായം I</u>

പ്രാരംഭം

1. <u>ചുരുക്കപ്പേരും, വ്യാപ്തിയും ആരംഭവും.</u>—(1) ഈ പദ്ധതിക്ക് 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM. 2010.

33/1303/2010/DTP.

2. നിർവ്വചനങ്ങൾ.—ഈ പദ്ധതിയിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ബോർഡ്" എന്നാൽ 1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്റ്റ് പ്രകാരം രൂപീകൃതമായ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് എന്നർത്ഥമാകുന്നു;

(ബി) "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്നാൽ ഈ പദ്ധതിയുടെ 5-ാം ഖണ്ഡികപ്രകാരം നിയമിതനാകുന്നതോ അധികാരം നൽകപ്പെടുന്നതോ ആയ പദ്ധതി നിർവ്വഹണോദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(സി) "കോൺട്രാക്ടർ" എന്നാൽ ഒരു വ്യക്തിക്കോ സ്ഥാപനത്തിനോ സർക്കാർ/അർദ്ധസർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ അവരുടെ ഏതെങ്കിലും തൊഴിൽ നിർവ്വഹിക്കുന്നതിനുവേണ്ടി കുടിയേറ്റ തൊഴിലാളികളുടെ സേവനം ലഭ്യമാക്കുകയോ, കുടിയേറ്റ തൊഴിലാളികളെ നിയമനത്തിനായി എത്തിച്ചുകൊടുക്കുകയോ, കുടിയേറ്റ തൊഴിലാളികളുടെ സേവനം ഉപയോഗിച്ച് ഏതെങ്കിലും വ്യക്തികളുടെയോ, സർക്കാർ, അർദ്ധസർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയോ ഏതെങ്കിലും തരത്തിലുള്ള തൊഴിൽ ചെയ്തുകൊടുക്കുകയോ ചെയ്യുന്ന ആൾ എന്ന് അർത്ഥമാകുന്നതും അതിൽ ഏതെങ്കിലും സ്ഥാപനമോ, വ്യക്തികളുടെ കൂട്ടായ്മയോ, സംഘമോ ഉൾപ്പെടുന്നതുമാകുന്നു;

(ഡി) "തൊഴിലുടമ" എന്നാൽ തന്റെ ഗൃഹസംബന്ധമായതുൾപ്പെടെ ഏതെങ്കിലും തൊഴിൽപരമായ പ്രവർത്തനത്തിന് ഒന്നോ അതിലധികമോ കുടിയേറ്റ തൊഴിലാളികളുടെ സേവനം നേരിട്ടോ മറ്റൊരാൾ മുഖേനയോ, കോൺട്രാക്ടർ മുഖേനയോ ഉപയോഗപ്പെടുത്തുന്നയാൾ എന്നർത്ഥമാകുന്നു;

(ഇ) "കുടുംബം" എന്നാൽ ഭാര്യ/ഭർത്താവ്, പ്രായപൂർത്തിയാകാത്ത മക്കൾ, അവിവാഹിതരായ പെൺമക്കൾ, ജോലി ചെയ്യുവാൻ പറ്റാത്ത രീതിയിൽ അംഗവൈകല്യമുള്ള ആൺമക്കൾ, കുടിയേറ്റ തൊഴിലാളിയെ പൂർണ്ണമായും ആശ്രയിച്ചു കഴിയുന്ന അച്ഛനും അമ്മയും എന്നിവർ ഉൾപ്പെട്ടതാകുന്നു;

(എഫ്) "നിധി" എന്നാൽ 3-ാം ഖണ്ഡിക പ്രകാരം രൂപീകൃതമാകുന്ന കുടിയേറ്റ തൊഴിലാളി ക്ഷേമനിധി എന്നർത്ഥമാകുന്നു;

(ജി) "സർക്കാർ" എന്നാൽ കേരള സംസ്ഥാന സർക്കാർ എന്നർത്ഥമാകുന്നു;

(എച്ച്) "കുടിയേറ്റ തൊഴിലാളി" എന്നാൽ കേരളത്തിന് പുറത്ത് ഇന്ത്യയിൽ ജനിച്ചു വളർന്നവരും തൊഴിൽ ആവശ്യാർത്ഥം കേരള സംസ്ഥാനത്തിനകത്ത് താമസിച്ചു വന്ന് കേരളത്തിനകത്ത് ഏതെങ്കിലും തൊഴിലുടമയുടെയോ കോൺട്രാക്ടറുടെയോ കീഴിലോ, സ്വന്തം നിലയിലോ ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആൾ എന്ന് അർത്ഥമാകുന്നതും, അതിൽ താഴെ പറയുന്നവർ ഉൾപ്പെടാത്തതുമാകുന്നു;

(i) കേന്ദ്ര/സംസ്ഥാന സർക്കാർ സർവ്വീസിലോ, കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ കീഴിലോ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും സ്ഥാപനത്തിലോ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലോ അതിന്റെ കീഴിലോ, നിയന്ത്രണത്തിലോ ഉള്ള സ്ഥാപനങ്ങളിലോ തൊഴിൽ ചെയ്യുന്നവർ ;

# കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി 2010

ഫോറം നമ്പർ 2

[ ഖണ്ഡിക 7(5) കാണുക ]

## തിരിച്ചറിയൽ കാർഡ്

അംഗത്വ നമ്പർ :

അംഗത്തിന്റെ പേര് :

അച്ഛന്റെ/ഭർത്താവിന്റെ പേര് :

ജനനത്തീയതി/വയസ്സ് :

രജിസ്ട്രേഷൻ സമയത്തുള്ള

(i) സ്വദേശത്തെ വിലാസം :

(ii) കേരളത്തിലെ വിലാസം :

(iii) ജോലി :

ഫോട്ടോ

സ്ഥലം:

തീയതി:

(ഒപ്പ്)

ജില്ലാ എക്സി. ഓഫീസർ.

## സാക്ഷ്യപത്രം

അപേക്ഷകനായ ശ്രീ. ..............................................................S/o /D/o / W/o ..............................................................എന്നയാളെ എനിക്ക് അറിയാമെന്നും, ടിയാൻ ..............................................................സംസ്ഥാനത്തെ.............................................................. ജില്ല സ്വദേശിയാണെന്നും കേരളത്തിൽ തൊഴിൽ ആവശ്യാർത്ഥം വന്ന് താമസിക്കുന്ന ആൾ ആണെന്നും *ടിയാൻ..............................................................തൊഴിൽ ചെയ്തുവരുന്ന ആൾ ആണെന്നും/*ടിയാൻ എന്റെ സ്ഥാപനമായ ..............................................................ൽ..............................................................എന്ന തസ്തികയിൽ/ *ടിയാൻ എന്റെ കീഴിൽ..............................................................എന്ന ജോലി ചെയ്തു വരുന്ന ആൾ ആണെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം :

തീയതി :

*സാക്ഷ്യപ്പെടുത്തുന്ന ആളുടെ പേരും*

*സ്ഥാനപ്പേരും വിലാസവും*

(സീൽ)

*ആവശ്യമില്ലാത്തത് വെട്ടിക്കളയുക

## ഓഫീസ് ആവശ്യത്തിന്

1. അപേക്ഷ ലഭിച്ച തീയതി:
2. അംഗത്വത്തിന് അർഹതയുണ്ട്. അംഗത്വം അനുവദിച്ചു. അംഗത്വ നമ്പർ............/ താഴെ പറയുന്ന കാരണത്താൽ അംഗത്വത്തിന് അർഹതയില്ല. അപേക്ഷ നിരസിച്ചു.

തീയതി:

*ചീഫ്/ജില്ലാ എക്സി. ഓഫീസർ.*

ഹാജരാക്കുന്ന രേഖയുടെ വിശദാംശങ്ങൾ:

(എ) വയസ്സ് തെളിയിക്കുന്നതിന് :

(ബി) കുടിയേറ്റ തൊഴിലാളിയെന്ന് തെളിയിക്കുന്നതിന് :

(സി) അംഗത്വഫീസ് അടയ്ക്കുന്നത് എങ്ങനെ? ക്യാഷ്/ഡി. ഡി. ആയി :

(ഡി) അടയ്ക്കുന്ന തുക......................... :

(ഇ) പാസ്പോർട്ട് സൈസ് ഫോട്ടോ ഹാജരാക്കിയിട്ടുണ്ടോ (2 എണ്ണം ഹാജരാക്കണം) :

## സത്യപ്രസ്താവന

മേൽ വിവരിച്ച മുഴുവൻ വിവരങ്ങളും സത്യവും എന്റെ ഉത്തമവിശ്വാസത്തോടു കൂടിയുള്ളതുമാണ്. ഞാൻ ഇതുവരെ യാതൊരു വിധ്വംസക പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടില്ലെന്നും, ക്രിമിനൽകുറ്റം ചെയ്തിട്ടില്ലെന്നും എന്റെ പേരിൽ യാതൊരു ക്രിമിനൽ കുറ്റവും നിലവിൽ ഇല്ലെന്നും ബോധിപ്പിക്കുന്നു. തെറ്റായ വിവരങ്ങൾ നൽകി അംഗത്വം നേടുകയും ആനുകൂല്യം കൈപ്പറ്റുകയും ചെയ്തുവെന്ന് പിന്നീട് തെളിയുന്ന പക്ഷം കൈപ്പറ്റിയ ആനുകൂല്യവും നഷ്ടപരിഹാരവും എന്നിൽ നിന്നും ഈടാക്കുന്നതിന് എനിക്ക് പൂർണ്ണ സമ്മതമാണെന്ന് സമ്മതിക്കുകയും ആയതിന് ഞാൻ ബാദ്ധ്യസ്ഥനായിരിക്കുമെന്ന് പ്രസ്താവിക്കുകയും ചെയ്യുന്നു.

തീയതി:

അപേക്ഷകന്റെ പേരും ഒപ്പും.

10. കേരളത്തിൽ സ്വയം തൊഴിൽ ചെയ്യുകയാണെങ്കിൽ തൊഴിലിന്റെ വിശദാംശങ്ങളും (ചെറുകിട കച്ചവടം, ഉപഭോഗ സാധനങ്ങളുടെയോ കളിപ്പാട്ട ങ്ങളുടെയോ നിർമ്മാണം, വിപണനം അഥവാ എന്ത് പ്രവൃത്തി എന്നും തൊഴിൽ ചെയ്യുന്ന പ്രദേശവും വ്യക്ത മാക്കുക.) :

11. കേരളത്തിൽ ചെയ്യുന്ന ജോലിയുടെ/ തസ്തികയുടെ പേര് :

12. കേരളത്തിൽ ഏത് വർഷം മുതൽ ജോലി ചെയ്ത് വരുന്നു :

13. നിലവിൽ ലഭിച്ചുവരുന്ന മൊത്തം വേതനം : രൂപ......................
ദിവസംപ്രതി/മാസംപ്രതി

14. (എ) കേരളത്തിൽ സ്ഥിരതാമസമാണോ? :
(ബി) കേരളത്തിൽ വോട്ടവകാശമുണ്ടോ? ഉണ്ടെങ്കിൽ ഐഡന്റിറ്റി കാർഡ് നമ്പർ :
(സി) കേരളത്തിൽ റേഷൻകാർഡ് ഉണ്ടോ? ഉണ്ടെങ്കിൽ കാർഡ് നമ്പരും താലൂക്കും :

15. കേരളത്തിൽ ഏതെങ്കിലും ക്ഷേമനിധിയിൽ അംഗമാണോ? ആണെങ്കിൽ ക്ഷേമനിധിയുടെ പേരും അംഗത്വനമ്പരും :

16. കേന്ദ്ര-സംസ്ഥാന സർക്കാരിൽ നിന്നോ സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നോ ഏതെങ്കിലും സാമൂഹ്യസുരക്ഷാ പദ്ധതി പ്രകാരം വല്ല ആനുകൂല്യങ്ങളും ലഭിച്ചു വരുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ എഴുതുക :

17. കേരളത്തിൽ കുടുംബമായിട്ടാണോ താമസം :

18. കുടുംബാംഗങ്ങളുടെ പേരുവിവരം ഭാര്യ/ഭർത്താവ്/മക്കൾ/അച്ഛൻ/അമ്മ :

# കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി 2010

ഫോറം 1

[ഖണ്ഡിക 7 (2) കാണുക]

## അംഗത്വത്തിനുള്ള അപേക്ഷ

1. അപേക്ഷകന്റെ പൂർണ്ണമായ പേര് :
2. അച്ഛന്റെ പേര് :
3. ഭർത്താവിന്റെ/ഭാര്യയുടെ പേര് (വിവാഹിതരായവരുടെ സംഗതിയിൽ) :
4. ജനനതീയതി...................... വയസ്സ് ..............:
5. വിലാസം :

   (എ) കേരളത്തിലെ വിലാസം (വീട്ടുപേര്, പ്രദേശം, തപാലാഫീസ്, താലൂക്ക്, ജില്ല, പിൻകോഡ് എന്നിവയും ടെലിഫോൺ ഉണ്ടെങ്കിൽ നമ്പരും കാണിച്ചിരിക്കണം) :

   (ബി) സ്വദേശത്തെ സ്ഥിരവിലാസം (വീട്ടുപേര്, പ്രദേശം, തപാലാഫീസ്, ജില്ല, സംസ്ഥാനം, പിൻകോഡ് എന്നിവയും ടെലിഫോൺ ഉണ്ടെങ്കിൽ നമ്പരും കാണിച്ചിരിക്കണം) :

6. അപേക്ഷകന്റെ ജന്മസ്ഥലം (താലൂക്ക്, ജില്ല, സംസ്ഥാനം) (തപാലാഫീസ് എന്നിവ സഹിതം) :
7. ജന്മസ്ഥലത്ത് തന്നെയാണോ സ്ഥിരതാമസം :
8. അപേക്ഷകന്റെ ജന്മസ്ഥലത്തെ പോലീസ് സ്റ്റേഷന്റെ പേര് :
9. കേരളത്തിൽ ജോലിചെയ്യുന്ന സ്ഥാപനത്തിന്റെ/തൊഴിലുടമയുടെ പൂർണ്ണമായ പേരും മേൽവിലാസവും സ്ഥലവും :

(2) ഉപഖണ്ഡിക (1) പ്രകാരമുള്ള തുക ഈടാക്കുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് തുക ഈടാക്കി നൽകുന്നതിന് ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതും അപ്രകാരം സർട്ടിഫിക്കറ്റ് ലഭിച്ചാൽ ജില്ലാ കളക്ടർ തുക ഭൂമിയിലെ കരം കുടിശ്ശിക എന്നപോലെ ഈടാക്കി ബോർഡിന് നൽകേണ്ടതുമാണ്.

(3) അംഗത്വത്തിന് അപേക്ഷിക്കുമ്പോഴോ, നിധിയിൽ നിന്നും ഏതെങ്കിലും ആനുകൂല്യം കൈപ്പറ്റുമ്പോഴോ ബന്ധപ്പെട്ട അംഗം ഏതെങ്കിലും വിധ്വംസക പ്രവർത്തിയിലേർപ്പെട്ടിരുന്നതായോ, ക്രിമിനൽ സ്വഭാവമുള്ള കേസുകളിൽ ഉൾപ്പെട്ടിരുന്നതായോ, തെറ്റായ വിവരം നൽകിയാണ് ആനുകൂല്യം കൈപ്പറ്റിയതെന്ന് കാണുന്ന പക്ഷമോ, നൽകിയ തുക തിരിച്ചു പിടിക്കുന്നതിന് പുറമേ അംഗത്തിനെതിരെ ക്രിമിനൽ നടപടികൾ ഉൾപ്പെടെ മറ്റു നടപടികളും സ്വീകരിക്കാവുന്നതാണ്.

26. <u>പദ്ധതി ഭേദഗതി.</u>—(1) ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങളിൽ ഏതെങ്കിലുമോ മുഴുവനുമോ, വേണ്ടെന്നു വയ്ക്കുന്നതിനും, ഭേദഗതി ചെയ്യുന്നതിനും, പുതിയവ കൂട്ടിച്ചേർക്കുന്നതിനും ആനുകൂല്യങ്ങൾ നിശ്ചിത കാലത്തേക്ക് മരവിപ്പിക്കുന്നതിനും സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) ഈ പദ്ധതിയിലെ ഏത് വ്യവസ്ഥയും മുൻകാലപ്രാബല്യത്തോടെയോ, പിൻകാലപ്രാബല്യത്തോടെയോ, ഭേദഗതി ചെയ്യുന്നതിനോ, റദ്ദു ചെയ്യുന്നതിനോ, കൂട്ടിച്ചേർക്കുന്നതിനോ, സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

27. <u>വൈഷമ്യങ്ങൾ ദൂരീകരിക്കുന്നതിനുള്ള അധികാരം.</u>—പദ്ധതിയിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, അത്തരം വൈഷമ്യങ്ങൾ ദൂരീകരിക്കുന്നതിന് പദ്ധതിയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത രീതിയിൽ, വ്യവസ്ഥകളോ, നിർദ്ദേശങ്ങളോ അടങ്ങിയ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതും സർക്കാരിന്റെ ഉത്തരവ് അന്തിമമായിരിക്കുന്നതുമാണ്.

28. <u>റദ്ദാക്കൽ.</u>—സാമ്പത്തിക കാരണത്താലോ നിധിയുടെ നടത്തിപ്പിനുള്ള ബുദ്ധിമുട്ടുകൾമൂലമോ, മറ്റെന്തെങ്കിലും കാരണത്താലോ പദ്ധതി തുടർന്നുപോകുക ഉചിതമല്ലെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുന്ന പക്ഷം ഈ പദ്ധതി അപ്പാടെ റദ്ദ് ചെയ്യുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. വിശ്വനാഥൻ,

*ഗവൺമെന്റ് സെക്രട്ടറി.*

33/1303/10.

(2) ആഡിറ്റ്.—നിധിയുടെ എല്ലാ കണക്കുകളും എല്ലാ വർഷവും ബോർഡ് തീരുമാനിക്കുന്നവിധം ആഡിറ്റ് ചെയ്യിക്കേണ്ടതാണ്. ആഡിറ്റ് റിപ്പോർട്ട് ബോർഡ് അംഗീകരിച്ച് ബോർഡിന്റെ അഭിപ്രായത്തോടും വിശദീകരണത്തോടും കൂടി ഡിസംബർ 31-നു മുമ്പായി സർക്കാരിന് സമർപ്പിച്ചിരിക്കേണ്ടതാണ്.

(3) ആഡിറ്റ് സംബന്ധമായ ചെലവുകൾ ബോർഡ് വഹിക്കേണ്ടതാണ്.

23. അധികാരം നൽകൽ.—(1) ബോർഡിന് ഈ പദ്ധതി പ്രകാരമുള്ള അതിന്റെ ഏതെങ്കിലുമോ, മുഴുവനായോ ഉള്ള അധികാരം, ബോർഡ് ഇക്കാര്യത്തിന് നിയമിക്കുന്ന ബോർഡിന്റെ സബ് കമ്മിറ്റിക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്. ഇങ്ങനെ ഏൽപ്പിച്ചു കൊടുത്താൽ, സബ്കമ്മിറ്റി എടുക്കുന്ന ഏത് തീരുമാനവും പദ്ധതി പ്രകാരം ബോർഡ് എടുത്ത തീരുമാനമായി കണക്കാക്കുന്നതാണ്.

(2) ഈ പദ്ധതി പ്രകാരമുള്ള തന്റെ മുഴുവനായുള്ളതോ ഏതെങ്കിലുമോ അധികാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക്, ബോർഡിന്റെ മുൻകൂർ അനുമതിയോടെ, പൂർണ്ണമായോ, ഭാഗികമായോ ബോർഡിന്റെ ഏതെങ്കിലും ഓഫീസർമാർക്കോ, ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്കോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

24. പരിശോധനയ്ക്കുള്ള അധികാരം.—(1) പദ്ധതിയുടെ നടത്തിപ്പിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ, ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്കോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇക്കാര്യത്തിനായി അധികാരപ്പെടുത്തുന്ന ഓഫീസർക്കോ, കുടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനമോ, പ്രദേശമോ, വീടോ സന്ദർശിക്കുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും, കുടിയേറ്റ തൊഴിലാളികളുടേയും, തൊഴിലുടമകളുടേയും, കോൺട്രാക്റ്റർമാരുടേയും മൊഴികൾ രേഖപ്പെടുത്തുന്നതിനും, രേഖകൾ പിടിച്ചെടുക്കുന്നതിനും, അധികാരമുണ്ടായിരിക്കുന്നതും അത്തരം പരിശോധനകൾക്കും നടപടികൾക്കും, തൊഴിലുടമകളും, കോൺട്രാക്റ്റർമാരും കുടിയേറ്റ തൊഴിലാളികളും സഹകരിക്കേണ്ടതും സൗകര്യം ചെയ്തുകൊടുക്കേണ്ടതുമാണ്.

(2) ഉപവണ്ഡിക (1) പ്രകാരമുള്ള ആവശ്യത്തിലേക്കായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ, മറ്റ് ഓഫീസർമാർ എന്നിവർ ഇന്ത്യൻ പീനൽകോഡിലെ 21-ാം വകുപ്പുപ്രകാരമുള്ള പൊതുസേവകർ (Public Servant) എന്ന നിർവചനത്തിൽ വരുന്നതാണ്.

(3) ഈ പദ്ധതിപ്രകാരം സദുദ്ദേശത്തോടെ ചെയ്യുന്ന യാതൊരു പ്രവർത്തിക്കും എതിരെ ബോർഡിനെതിരെയോ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കെതിരെയോ, ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്കെതിരെയോ, മറ്റ് ഓഫീസർക്കെതിരെയോ യാതൊരു ശിക്ഷാനടപടികളും എടുക്കാവുന്നതല്ല.

25. നൽകിയ തുക തിരിച്ചുപിടിക്കൽ.—(1) തെറ്റായ വിവരങ്ങൾ നൽകിയാണ് അംഗത്വമെടുത്തതെന്നും ആനുകൂല്യം കൈപ്പറ്റിയതെന്നും തെളിയുന്ന പക്ഷം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക്, ബോർഡിന്റെ അനുമതിയോടെ, അനുവദിച്ച ആനുകൂല്യം റദ്ദ് ചെയ്യുന്നതിനും ആനുകൂല്യമായി തെറ്റായി നൽകിയ തുക റവന്യൂ റിക്കവറി നിയമ പ്രകാരം ഭൂമിയിന്മേലുള്ള കുടിശ്ശിക കരം എന്നതുപോലെ കൈപ്പറ്റിയ വ്യക്തിയിൽ നിന്നും ഈടാക്കാവുന്നതുമാണ്.

ആക്റ്റും ചട്ടങ്ങളും അടക്കം ഈ പദ്ധതിയിൽ പ്രത്യേകം പരാമർശിച്ചിട്ടില്ലാത്ത ഏതെങ്കിലും നിയമമോ ചട്ടങ്ങളോ പ്രകാരം അർഹതപ്പെട്ട ആനുകൂല്യങ്ങൾ ഇല്ലാതാക്കുന്നതല്ലാത്തതും അപ്രകാരം അർഹതപ്പെട്ട എല്ലാ അവകാശങ്ങളും ആനുകൂല്യങ്ങളും തുടർന്നും ലഭ്യമാക്കേണ്ടതും മേൽപ്പറഞ്ഞ നിയമത്തിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതുമാണ്.

## അദ്ധ്യായം V

## നിധിയുടെ നിക്ഷേപവും കണക്കുകളും ഭരണവും

19. നിധിയുടെ നിക്ഷേപം.—(1) അംഗങ്ങളിൽ നിന്നും, സർക്കാരിൽനിന്നും മറ്റും ലഭിക്കുന്ന എല്ലാ തുകയും, ബാങ്ക് ചെക്കും, ഡ്രാഫ്റ്റും, ബോർഡോ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അധികാരപ്പെടുത്തുന്നവിധം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ നിധിയുടെ ആവശ്യത്തിനായി പ്രത്യേകം ആരംഭിച്ചിട്ടുളള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

(2) നിധിയുടെ എല്ലാ പണവും, സർക്കാരിന്റെ അംഗീകാരത്തോടുകൂടി ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ, ഷെഡ്യൂൾഡ് ബാങ്കിലോ, സംസ്ഥാന സഹകരണ ബാങ്കിലോ, ജില്ലാ സഹകരണ ബാങ്കിലോ, നാഷണൽ സേവിംഗ്സിലോ, സർക്കാർ ട്രഷറിയിലോ നിക്ഷേപിക്കേണ്ടതാണ്.

20. കണക്കുകൾ.—(1) നിധിയിലേക്ക് സർക്കാരിൽനിന്നും ലഭിക്കുന്ന ഗ്രാന്റും, അംഗങ്ങളിൽ നിന്നും ലഭിക്കുന്ന വാർഷിക അംശദായവും മറ്റ് എല്ലാ ഗ്രാന്റുകളും, 4-ാം ഖണ്ഡികയിലെ (4)-ാം ഉപഖണ്ഡിക പ്രകാരമുളള സംഭാവനകളും, എല്ലാ വരവുകളും "കുടിയേറ്റ തൊഴിലാളി ക്ഷേമനിധി" എന്ന ശീർഷകത്തിൽ നിധിയിൽ വരവു വയ്ക്കേണ്ടതാണ്.

(2) നിധിയിലെ എല്ലാ വരവുചെലവു കണക്കുകളും, റിക്കോർഡുകളും സർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി ബോർഡ് കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന തരത്തിലും രീതിയിലും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂക്ഷിക്കേണ്ടതും ആയത് സർക്കാർ നിർദ്ദേശിക്കുന്ന തരത്തിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

21. സർക്കാരിന്റെ പരിശോധന.—സർക്കാരിന്റെ തൊഴിൽ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ഓരോ വർഷവും സെപ്റ്റംബർ മാസം 30-നു മുമ്പ് നിധിയുടെ മുൻ സാമ്പത്തിക വർഷത്തെ കണക്കുകളും, ഫണ്ടിന്റെ വിനിയോഗവും പരിശോധിച്ച് റിപ്പോർട്ട് സർക്കാരിന് നൽകേണ്ടതാണ്.

22. പ്രവർത്തന റിപ്പോർട്ട്.—(1) നിധിയുടെ ഓരോ വർഷത്തേയും പ്രവർത്തന റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തയ്യാറാക്കി ബോർഡിന്റെ അംഗീകാരത്തോടെ തൊട്ടടുത്ത വർഷം സെപ്റ്റംബർ 30-നു മുമ്പ് സർക്കാരിന് സമർപ്പിച്ചിരിക്കേണ്ടതാണ്.

<u>കുറിപ്പ്</u>:—ബന്ധം തെളിയിക്കുന്നതിന്, റവന്യൂ അധികാരികൾ, ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി, സ്കൂൾ അധികൃതർ, ഗസറ്റഡ് ഓഫീസർ ഇവരിലാരെങ്കിലും നൽകിയ സർട്ടിഫിക്കറ്റ് സ്വീകരിക്കാവുന്നതാണ്.

(viii) ഗ്രാന്റ് തുടർ വർഷങ്ങളിൽ ലഭിക്കുന്നതിന് ഫോറം 10-ലുള്ള അപേക്ഷ ക്ലാസ്സ്/കോഴ്സ് ആരംഭിച്ച് 45 ദിവസത്തിനകം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിച്ചിരിക്കേണ്ടതാണ്.

(ix) ഗ്രാന്റിനുള്ള അപേക്ഷയും പുതുക്കുന്നതിനുള്ള അപേക്ഷയും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തന്റെ ശുപാർശ സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷ സ്വീകരിക്കാവുന്നതാണെങ്കിൽ ഗ്രാന്റ് അനുവദിച്ചും അർഹതയില്ല എങ്കിൽ അപേക്ഷ നിരസിച്ചും ഉത്തരവ് നൽകേണ്ടതും ഗ്രാന്റ് വിതരണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

16. <u>അപ്പീലുകൾ</u>.—(1) ഖണ്ഡികകൾ 10 മുതൽ 15 വരെയുള്ള ആനുകൂല്യത്തിനുള്ള അപേക്ഷയിന്മേലുള്ള തീരുമാനത്തിനെതിരെ ആക്ഷേപമുള്ള പക്ഷം അപേക്ഷകന്, ഉത്തരവ് ലഭിച്ച് 60 ദിവസത്തിനകം ബോർഡ് മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്:

എന്നാൽ നിശ്ചിത സമയപരിധിക്കകം അപ്പീൽ സമർപ്പിക്കാതിരുന്നത് മതിയായ കാരണത്താലാണെന്ന് ബോദ്ധ്യപ്പെടുത്തുന്നപക്ഷം കാലതാമസം, മാപ്പാക്കുന്നതിനുള്ള അപേക്ഷ സഹിതം നിശ്ചിത സമയപരിധിക്കുശേഷം ലഭിച്ച അപ്പീലും ബോർഡിന് സ്വീകരിക്കാവുന്നതാണ്.

(2) അപ്പീൽ ഹർജ്ജിയിൽ പൂർണ്ണവിവരങ്ങളും തന്റെ വ്യക്തമായ വാദഗതികളും ഉൾപ്പെടുത്തേണ്ടതും, അതോടൊപ്പം അപേക്ഷ നിരസിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പും, വാദഗതിക്ക് അടിസ്ഥാനരേഖകളും ഹാജരാക്കേണ്ടതുമാണ്.

(3) അപ്പീൽ ലഭിക്കുന്ന മുറയ്ക്ക്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യമെങ്കിൽ ഉചിതമായ അന്വേഷണം നടത്തി തന്റെ വിശദമായ കുറിപ്പുകൾ സഹിതം അപ്പീൽ, ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതും ബോർഡ് അപ്പീലിൽ തീരുമാനമെടുക്കേണ്ടതും ബോർഡിന്റെ തീരുമാനം ഹർജ്ജിക്കാരനെ അറിയിക്കേണ്ടതുമാണ്. അപ്പീലിൽ ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

17. <u>ആനുകൂല്യ വിതരണം</u>.—ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യത്തുക, വിതരണ രീതി അതത് കാലത്ത് ബോർഡ് നിശ്ചയിക്കുന്ന പ്രകാരമായിരിക്കും:

എന്നാൽ വിതരണരീതി നിർദ്ദേശിക്കുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതും, അത്തരം നിർദ്ദേശം ലഭിക്കുന്നപക്ഷം, വിതരണരീതി സർക്കാർ നിർദ്ദേശ പ്രകാരമായിരിക്കേണ്ടതുമാണ്.

18. <u>നിയമങ്ങളുടേയും ചട്ടങ്ങളുടേയും സംരക്ഷണം</u>.—ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ, അംഗങ്ങൾക്ക് ബാധകമായിട്ടുള്ള നിലവിലുള്ള 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി (ജോലി ക്രമീകരണവും സേവന വ്യവസ്ഥകളും)

15. വിദ്യാഭ്യാസ ഗ്രാന്റ്.—(i) ഒരുവർഷത്തിൽ കുറയാത്ത കാലം നിധിയിൽ അംഗത്വം നിലനിർത്തിയിട്ടുള്ള അംഗത്തിന്റെ മക്കൾക്ക്, എസ്.എസ്.എൽ.സി.യോ തത്തുല്യമായതോ ആയ കോഴ്സുകൾക്ക് മുകളിലുള്ള ഉന്നത വിദ്യാഭ്യാസ കോഴ്സുകൾക്കുള്ള പഠനത്തിനുവേണ്ടി വിദ്യാഭ്യാസ ഗ്രാന്റ് അനുവദിക്കാവുന്നതാണ്:

എന്നാൽ, കേരള സംസ്ഥാനത്തിനകത്ത് സർക്കാർ സ്ഥാപനത്തിലോ, സർക്കാർ അംഗീകൃത സ്ഥാപനത്തിലോ നടത്തുന്ന മുഴുവൻ സമയ കോഴ്സുകൾക്കല്ലാത്ത പഠനത്തിന് വിദ്യാഭ്യാസ ഗ്രാന്റ് അനുവദിക്കാവുന്നതല്ല.

(ii) ഒരംഗത്തിന്റെ രണ്ടുമക്കളിൽ കൂടുതൽ പേർക്ക് ഗ്രാന്റിന് അർഹത ഉണ്ടായിരിക്കുന്നതല്ല. ഭാര്യയും ഭർത്താവും നിധിയിൽ അംഗമാകുന്ന പക്ഷം, ഒരംഗത്തിന് മാത്രമാണ് ഗ്രാന്റിന് അർഹത.

(iii) എസ്.എസ്.എൽ.സിയോ തത്തുല്യമായതോ ആയ കോഴ്സുകൾക്കു ശേഷം 3 വർഷം വരെയുള്ള കോഴ്സുകൾക്ക്, പാരാമെഡിക്കൽ കോഴ്സുകളടക്കം പ്രതിവർഷം 400 രൂപയും, മൂന്നുവർഷഡിഗ്രി കോഴ്സുകൾക്ക് പ്രതിവർഷം 500 രൂപയും, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പ്രതിവർഷം 750 രൂപയും തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പ്രതിവർഷം 1500 രൂപയും ആയിരിക്കും ഗ്രാന്റ് തുക. കോഴ്സുകൾ ഏതു വിഭാഗത്തിൽ ഉൾപ്പെടുത്താമെന്ന തർക്കമുണ്ടാകുന്ന പക്ഷം, തർക്കത്തിൽ സർക്കാർ തീരുമാനമെടുക്കുന്നതും, സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(iv) ഒരു വർഷം നൽകേണ്ട പരമാവധി ഗ്രാന്റിന്റെ എണ്ണവും തെരഞ്ഞെടുപ്പ് മാനദണ്ഡവും ബോർഡിന്റെ ശുപാർശയോടെ സർക്കാർ തീരുമാനിക്കുന്ന പ്രകാരമായിരിക്കും.

(v) ഒരിക്കൽ ഗ്രാന്റിന് തിരഞ്ഞെടുക്കപ്പെട്ടു എന്ന കാരണത്താൽ വരും വർഷങ്ങളിൽ ഗ്രാന്റിനുള്ള അർഹത അവകാശമായി കണക്കാക്കാവുന്നതല്ല. സർക്കാരിന് ഗ്രാന്റ് നിർത്തൽ ചെയ്യുന്നതിനും തുടർന്ന് നൽകുന്നത് അവസാനിപ്പിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(vi) ഒരു കോഴ്സിന്റെ ഒന്നാം വർഷത്തെ ഗ്രാന്റിന് തിരഞ്ഞെടുക്കപ്പെട്ടവർക്ക് കോഴ്സ് പൂർത്തിയാകുന്നതുവരെ, അനുവദിച്ചതിനുശേഷം അംഗത്വം റദ്ദായാൽ പോലും, പ്രതിവർഷ ഗ്രാന്റിന്, കോഴ്സ് തുടരുന്നുണ്ടെന്ന് തെളിയിക്കുന്ന മുറയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(vii) ഗ്രാന്റിനുള്ള അപേക്ഷ അനുബന്ധത്തിലെ ഫോറം 9-ൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക്, അതത് വർഷം ബോർഡ് നിശ്ചയിക്കുന്ന തീയതിക്കകം സമർപ്പിച്ചിരിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അപേക്ഷകന് വിദ്യാർത്ഥിയുമായുള്ള ബന്ധം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും, പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനമേലധികാരിയുടെ സർട്ടിഫിക്കറ്റും കോഴ്സിന് പ്രവേശനാർഹതയ്ക്കുള്ള യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കിയിരിക്കേണ്ടതാണ്.

| സംസ്ഥാനം/കേന്ദ്രഭരണ പ്രദേശം | | പരമാവധി തുക |
|---|---|---|
| (i) | തമിഴ്നാട്, കർണ്ണാടകം, ആന്ധ്രാപ്രദേശ്, പുതുശ്ശേരി, കാരിക്കൽ, യാനം, മാഹി, ഗോവ | 3,000 രൂപ |
| (ii) | മഹാരാഷ്ട്ര, മദ്ധ്യപ്രദേശ്, ഗുജറാത്ത്, ഛത്തീസ്ഘട്ട്, ഒറീസ, ഡിയു, ഡാമൻ, ലക്ഷദ്വീപുകൾ | 5,000 രൂപ |
| (iii) | രാജസ്ഥാൻ, ഉത്തർപ്രദേശ്, പഞ്ചാബ്, ഹരിയാന, ഹിമാചൽപ്രദേശ്, ഉത്തരാഞ്ചൽ, ബീഹാർ, ഝാർഖണ്ഡ്, പശ്ചിമ ബംഗാൾ, ഡൽഹി | 7,500 രൂപ |
| (iv) | ജമ്മുകാശ്മീർ, സിക്കിം, ആസ്സാം, മേഘാലയ, ത്രിപുര, അരുണാചൽപ്രദേശ്, നാഗാലാന്റ്, മിസ്സോറാം, മണിപ്പൂർ, ആൻഡമാൻ-നിക്കോബാർ ദ്വീപുകൾ. | 10,000 രൂപ |

(3) കേരളത്തിൽ വച്ച് മരണപ്പെട്ട അംഗത്തിന്റെ ഭൗതിക ശരീരം കേരളത്തിന് പുറത്തേക്ക് കൊണ്ടുപോയി സംസ്ക്കരിച്ചെങ്കിൽ മാത്രമേ ഉപഖണ്ഡിക(1) പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളൂ.

(4) ഭൗതിക ശരീരം സ്വദേശത്തേക്ക് എത്തിക്കുന്നതിന് സർക്കാരോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ, സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങളോ ചെലവ് വഹിക്കുകയോ, ധനസഹായം അനുവദിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(5) ഈ ഖണ്ഡിക പ്രകാരമുള്ള സാമ്പത്തിക സഹായം സർക്കാർ ധനസഹായത്തിനനുസൃതമായി അനുവദിക്കുന്ന ഒന്നായതിനാൽ ഭൗതിക ശരീരം എത്തിക്കുന്നതിനുള്ള യാതൊരു ബാദ്ധ്യതയും, ഉത്തരവാദിത്വവും ബോർഡിന് ഉണ്ടായിരിക്കുന്നതല്ല.

(6) ഈ ഖണ്ഡിക പ്രകാരമുള്ള ധനസഹായം ലഭിക്കുവാനുള്ള അപേക്ഷ അംഗത്തിന്റെ ഭൗതിക ശരീരം സ്വദേശത്ത് എത്തിച്ച് രണ്ട് മാസത്തിനകം ഫോറം നമ്പർ 8-ൽ അംഗത്തിന്റെ ജനന-മരണ രജിസ്ട്രാർ നൽകിയ മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും അംഗത്തിന്റെ അവകാശികൾ ആരൊക്കെയാണെന്ന് കാണിക്കുന്ന രേഖയും സഹിതം ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

വിശദീകരണം:—അവകാശികൾ ആരൊക്കെ എന്ന് തെളിയിക്കുന്നതിന് അംഗത്തിന്റെ സ്വദേശത്തെയോ, കേരളത്തിലെയോ വില്ലേജ് ഓഫീസർ/ മറ്റ് റവന്യൂ അധികാരികൾ, ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറി, ഗസറ്റഡ് ഓഫീസർ ഇവരിലാരെങ്കിലും നൽകിയ സാക്ഷ്യപത്രം സ്വീകരിക്കാവുന്നതാണ്.

(7) ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷ ലഭിക്കുന്നമുറയ്ക്ക്, ആവശ്യമായ അന്വേഷണം നടത്തി, ശുപാർശയോടെ അപേക്ഷയും അനുബന്ധ രേഖകളും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

(8) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ച് ധനസഹായത്തിന് അർഹതയുണ്ട് എങ്കിൽ അപേക്ഷ അനുവദിച്ചും, അർഹത ഇല്ലെങ്കിൽ, അപേക്ഷകന് ഇത് സംബന്ധിച്ച് പറയുവാനുള്ളത് കേൾക്കാനവസരം നൽകി, അപേക്ഷകന്റെ വാദങ്ങളും രേഖകളും പരിശോധിച്ചും, അപേക്ഷ നിരസിച്ചും ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(i) പുതുക്കുവാൻ കഴിയാത്തവിധം അംഗത്വം നഷ്ടപ്പെടുന്ന അംഗങ്ങൾക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹത ഉണ്ടാവുകയുള്ളൂ;

(ii) ഇപ്രകാരം ആനുകൂല്യം കൈപ്പറ്റിയവരുടെ അംഗത്വം പിന്നീട് യാതൊരു കാരണത്താലും പുതുക്കി നൽകാവുന്നതല്ല;

(iii) അംഗങ്ങൾക്ക് ഏതെങ്കിലും പെൻഷൻ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നപക്ഷം, ഈ ആനുകൂല്യത്തിനുള്ള അർഹത ഇല്ലാതായി തീരുന്നതാണ്.

(2) ടെർമിനൽ ബെനിഫിറ്റ് ആനുകൂല്യത്തിനുള്ള അപേക്ഷ ഫോറം നമ്പർ 7-ൽ അംഗം തൊഴിൽ അവസാനിച്ചശേഷം മൂന്ന് മാസത്തിനകം ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

എന്നാൽ, മതിയായ കാരണത്താലാണ് അപേക്ഷ സമർപ്പിക്കുവാൻ വൈകിയതെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം, നിശ്ചിത സമയപരിധിക്ക് ശേഷം സമർപ്പിച്ച അപേക്ഷയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സ്വീകരിക്കാവുന്നതാണ്.

(3) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷയിൽ ആവശ്യമായ അന്വേഷണം നടത്തി, ശുപാർശയോടെ അപേക്ഷയും അനുബന്ധ രേഖകളും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

(4) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ച് ധനസഹായത്തിന് അർഹതയുണ്ടെങ്കിൽ അപേക്ഷ അനുവദിച്ചും അർഹതയില്ലെങ്കിൽ, അപേക്ഷകന് പറയാനുള്ളത് കേൾക്കുവാൻ അവസരം നൽകിയും അപേക്ഷകന്റെ വാദവും, രേഖകളും പരിശോധിച്ചും അപേക്ഷ നിരസിച്ചും ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

14. <u>ഭൗതിക ശരീരം നാട്ടിലെത്തിക്കുവാൻ ധനസഹായം.</u>—(1) പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന അംഗത്തിന്റെ ഭൗതിക ശരീരം സ്വദേശത്തേക്ക് എത്തിക്കുന്നതിന് നിർവ്വഹിച്ച ചെലവിലേക്ക് അംഗത്തിന്റെ താഴെ പറയുന്ന അവകാശികളിൽ മുൻഗണനാ ക്രമത്തിൽ ഒരാൾക്ക് നിധിയിൽനിന്നും ധനസഹായം നൽകുന്നതാണ്:

(i) ഭാര്യ/ഭർത്താവ്

(ii) ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് ചെലവ് വഹിച്ച മക്കൾ (തുല്യമായി)

(iii) അച്ഛൻ

(iv) അമ്മ

(v) ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് ചെലവു വഹിച്ച സഹോദരീ സഹോദരന്മാർ.

(2) ഉപഖണ്ഡിക (1) പ്രകാരമുള്ള ധനസഹായം ഭൗതിക ശരീരമെത്തിക്കുന്നതിന് യഥാർത്ഥത്തിൽ ചെലവായ തുകയോ, അംഗത്തിന്റെ സ്വദേശ സംസ്ഥാനത്തിന്റെ/കേന്ദ്ര ഭരണ പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ താഴെ കാണിച്ച പ്രകാരമുള്ള പരമാവധി തുകയോ ഏതാണോ കുറവ് അത് ആയിരിക്കുന്നതാണ്.

12 ചികിൽസാ സഹായം.—(1) അംഗത്തിന് പിടിപെടുന്ന മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി ഒരംഗത്തിന് അംഗത്വ കാലഘട്ടത്തിൽ പരമാവധി 10,000 (പതിനായിരം) രൂപ എന്ന നിബന്ധനയ്ക്ക് വിധേയമായി നിധിയിൽനിന്നും യഥാർത്ഥത്തിൽ ചെലവായ തുക ചികിത്സാച്ചെലവായി അനുവദിച്ച് കിട്ടുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) ചികിത്സ നടത്തിയത് സർക്കാർ ആശുപത്രിയിലോ, ബോർഡ്, സർക്കാരിന്റെ മുൻകൂർ അനുമതിയോടെ, അംഗീകരിക്കുന്ന സ്ഥാപനത്തിലോ അല്ലാത്തപക്ഷം, ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(3) ചികിത്സാ സഹായത്തിന് അർഹതപ്പെട്ട മാരക രോഗങ്ങൾ ഏതൊക്കെ എന്ന് ബോർഡ്, സർക്കാരിന്റെ മുൻകൂർ അനുമതിയോടെ, തീരുമാനിക്കുന്നതുപ്രകാരമായിരിക്കും.

(4) ബോർഡിന്റെ ശുപാർശയോടെ സർക്കാരിന് പദ്ധതിയിൽ പറയാത്ത രോഗങ്ങൾക്കും ചികിത്സാസഹായം അനുവദിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(5) ആശുപത്രിയിൽ കിടത്തി ചികിത്സാ.—രോഗം മൂലമോ അപകടംമൂലമോ ഒരംഗത്തിന് സർക്കാർ/ബോർഡ് അംഗീകരിച്ച ആശുപത്രിയിൽ പ്രവേശിപ്പിച്ച് രണ്ട് ദിവസത്തിൽ കൂടുതൽ കിടത്തി ചികിത്സ വേണ്ടിവന്നാൽ അംഗത്തിന് ആശുപത്രിയിൽ ചികിത്സയ്ക്കുവിധേയമായ ഓരോ ദിവസത്തേക്കും 50 രൂപ വീതം പരമാവധി ഒരു ചികിത്സയ്ക്ക് 2,000 രൂപ എന്ന നിബന്ധനയ്ക്ക് വിധേയമായി നിധിയിൽനിന്നും ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(6) (1)-ഉം (5)-ഉം ഉപഖണ്ഡികകൾ പ്രകാരമുള്ള ചികിത്സാ സഹായത്തിനുള്ള അപേക്ഷ, ചികിത്സ അവസാനിച്ചതിനുശേഷം മൂന്നുമാസത്തിനകം ഫോറം നമ്പർ 6-ൽ ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിച്ചിരിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ബന്ധപ്പെട്ട ആശുപത്രി തലവൻ/ഡോക്ടർ നൽകിയ രോഗ ചികിത്സ സംബന്ധിച്ച സർട്ടിഫിക്കറ്റും, ചെലവുകൾ കാണിക്കുന്ന രേഖകളും സമർപ്പിച്ചിരിക്കേണ്ടതാണ്.

(7) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യമായ അന്വേഷണം നടത്തി തന്റെ ശുപാർശയും ബന്ധപ്പെട്ട രേഖകളും സഹിതം, അപേക്ഷ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിച്ചിരിക്കേണ്ടതാണ്.

(8) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് ചികിത്സാ സഹായത്തിന് അർഹതയുണ്ടെങ്കിൽ അപേക്ഷ അനുവദിച്ചും അർഹതയില്ലെങ്കിൽ അപേക്ഷകന് തന്റെ വാദഗതി ഉന്നയിക്കുന്നതിന് ഒരവസരം നൽകി അത് പരിശോധിച്ചശേഷവും അർഹതയില്ല എന്ന് കാണുകയാണെങ്കിൽ അപേക്ഷ നിരസിച്ചും ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

13. ടെർമിനൽ ബെനിഫിറ്റ്.—(1) അഞ്ചു വർഷത്തിൽ കുറയാത്ത കാലം അംശദായം അടച്ച്, തൊഴിൽ അവസാനിപ്പിക്കുന്ന അംഗത്തിന് പൂർത്തിയാക്കിയ ഓരോ വർഷത്തിനും 1,000 (ആയിരം) രൂപ നിരക്കിൽ, കുറഞ്ഞത് 5,000 (അയ്യായിരം) രൂപയും പരമാവധി 15,000 (പതിനയ്യായിരം) രൂപയും എന്ന നിബന്ധനയിൽ നിധിയിൽ നിന്നും ടെർമിനൽ ബെനിഫിറ്റ് ആയി പ്രത്യേക ധനസഹായം നൽകുന്നതാണ്. എന്നാൽ,

എന്നാൽ, മതിയായ കാരണത്താലാണ് അപേക്ഷ സമർപ്പിക്കുവാൻ വൈകിയതെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം, നിശ്ചിത സമയപരിധിക്കുശേഷം സമർപ്പിച്ച അപേക്ഷയും സ്വീകരിക്കുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(4) അപേക്ഷയോടൊപ്പം, ബന്ധപ്പെട്ട ജനന-മരണ രജിസ്ട്രാർ നൽകിയ അംഗത്തിന്റെ മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും, അംഗത്തിന്റെ അവകാശികൾ ആരൊക്കെയാണെന്ന് തെളിയിക്കുന്ന രേഖയും ഹാജരാക്കേണ്ടതാണ്.

അവകാശികളാണെന്ന് തെളിയിക്കുന്നതിന് സ്വദേശത്തെയോ, കേരളത്തിലെയോ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ, മറ്റ് റവന്യൂ അധികാരികൾ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, ഒരു ഗസറ്റഡ് ഓഫീസർ ഇവരിലാരെങ്കിലും നൽകിയ സാക്ഷ്യപത്രം സ്വീകരിക്കാവുന്നതാണ്.

(5) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യമായ അന്വേഷണം നടത്തി ശുപാർശയോടൊപ്പം അപേക്ഷയും അനുബന്ധങ്ങളും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

(6) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ച് ധനസഹായത്തിന് അർഹതയുണ്ടെങ്കിൽ അപേക്ഷ അനുവദിച്ചും, അർഹതയില്ലെങ്കിൽ, അപേക്ഷകന് തന്റെ വാദമുന്നയിക്കുന്നതിന് ഒരവസരം നൽകിയശേഷം ആയത് പരിശോധിച്ച ശേഷവും അർഹതയില്ല എന്നു കാണുകയാണെങ്കിൽ അപേക്ഷ നിരസിച്ചും ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

11. ആശ്വാസ ധനസഹായം.—(1) ജോലിക്കിടെ അപകടംമൂലം പരിക്കേറ്റ് ആറ് മാസത്തിൽ കുറയാത്ത കാലം ജോലി ചെയ്യാൻ കഴിയാതെവന്ന അംഗത്തിനും രോഗംമൂലം യാതൊരു ജോലിയും ചെയ്യാൻ പറ്റാത്ത രീതിയിൽ സ്ഥായിയായ അവശത അനുഭവിക്കുന്ന അംഗത്തിനും അംഗത്വകാലയളവിൽ പരമാവധി 10,000 (പതിനായിരം രൂപ) രൂപ വരെ പ്രത്യേക ആശ്വാസ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) ഉപഖണ്ഡം (1) പ്രകാരം ഉള്ള ധനസഹായത്തിനുള്ള അപേക്ഷഫോറം നമ്പർ 5-ൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അവശത/അപകടം/രോഗം കാണിക്കുന്ന, കേരള സംസ്ഥാന സർക്കാർ സർവ്വീസിലെ അസിസ്റ്റന്റ് സർജന്റെ പദവിയിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറുടെ, സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കേണ്ടതാണ്.

(3) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യമായ അന്വേഷണം നടത്തി തന്റെ ശുപാർശ സഹിതം ബന്ധപ്പെട്ട അപേക്ഷയും അനുബന്ധങ്ങളും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിച്ചിരിക്കേണ്ടതാണ്.

(4) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യമായ അന്വേഷണം നടത്തിയും രേഖകൾ പരിശോധിച്ചും ധനസഹായത്തിന് അർഹതയുണ്ടെങ്കിൽ അപേക്ഷ അനുവദിച്ചും അർഹതയില്ലെങ്കിൽ, അപേക്ഷകന് തന്റെ വാദഗതികൾ ഉന്നയിക്കുന്നതിന് ഒരവസരം നൽകിയശേഷവും അർഹതയില്ലായെന്ന് കാണുകയാണെങ്കിൽ അപേക്ഷ നിരസിച്ചും ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(8) ഉപഖണ്ഡിക (4) പ്രകാരം റദ്ദായ അംഗത്വം കുടിശ്ശിക അംഗത്വഫീസും ബോർഡ് നിശ്ചയിക്കുന്ന പിഴപ്പലിശയും ഈടാക്കി പുനഃസ്ഥാപിക്കുന്നതിന്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്, എന്നാൽ,—

(i) രണ്ടുവർഷത്തിൽ കൂടുതൽ കാലത്ത് റദ്ദായ അംഗത്വം പുനഃസ്ഥാപിക്കപ്പെടാവുന്നതല്ല.

(ii) പുതിയ അംഗത്വം നൽകുന്നതിന് റദ്ദാകൽ കാലദൈർഘ്യം തടസ്സമാകുന്നതുമല്ല.

(9) അപ്പീൽ:—ഉപഖണ്ഡിക (1), (4), (5), (6) എന്നിവ പ്രകാരം അംഗത്വം റദ്ദാക്കിയതിനെതിരെയോ, ഉപഖണ്ഡിക (8) പ്രകാരമുള്ള പുനഃസ്ഥാപനത്തിനെതിരെയോ ആക്ഷേപമുള്ളപക്ഷം, അംഗത്വം റദ്ദായ തീയതി മുതൽക്കോ റദ്ദാക്കൽ/പുനഃസ്ഥാപന ഉത്തരവ് ലഭിച്ച തീയതി മുതൽക്കോ (ഏതാണോ അവസാനം വരുന്നത് അന്നു മുതൽ) 60 ദിവസത്തിനകം ബോർഡ് മുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതും ബോർഡ് അപ്പീലിൽ തീരുമാനമെടുക്കേണ്ടതും ഇക്കാര്യത്തിൽ ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

എന്നാൽ, മതിയായ കാരണത്താലാണ് അപ്പീൽ നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കാതിരുന്നതെന്ന് ബോർഡിന് ബോധ്യപ്പെടുന്നപക്ഷം, നിശ്ചിത സമയപരിധിക്കു ശേഷം സമർപ്പിക്കപ്പെട്ട അപ്പീൽ ഹർജിയും ബോർഡിന് സ്വീകരിക്കാവുന്നതാണ്.

## അദ്ധ്യായം IV

## നിധിയിൽനിന്നുള്ള ആനുകൂല്യങ്ങൾ

10. മരണാനന്തര ആനുകൂല്യം.—(1) അംഗത്വം നിലവിലിരിക്കെ ഏതെങ്കിലും ഒരംഗം മരണമടയുന്നപക്ഷം, അയാളുടെ കുടുംബാംഗങ്ങളിൽ താഴെ പറയുന്ന മുൻഗണനാക്രമത്തിൽ ഒരാൾക്ക്/ഒരു വിഭാഗത്തിന് മരണാനന്തര ധനസഹായമായി 50,000 രൂപ (അൻപതിനായിരം രൂപ) നിധിയിൽ നിന്ന് നൽകുന്നതാണ്.

(എ) ഭാര്യ/ഭർത്താവ് (മുഴുവൻ തുക);

(ബി) മൈനർമാരായ കുട്ടികളും, അവിവാഹിതരായ പെൺമക്കളും, ജോലി ചെയ്യുവാൻ പറ്റാത്തവിധം അംഗവൈകല്യമുള്ള ആൺമക്കളും (തുല്യമായി);

(സി) അംഗത്തെ ആശ്രയിച്ചു കഴിയുന്ന മാതാപിതാക്കൾ (തുല്യമായി):

കുറിപ്പ്:—കുട്ടികൾ എന്നതിൽ ദത്തെടുക്കപ്പെട്ടവരും മുൻ വിവാഹത്തിലെ കുട്ടികളും ഉൾപ്പെടുന്നതാണ്.

(2) ഉപഖണ്ഡിക (1)-ൽ കാണിച്ച കുടുംബാംഗങ്ങൾ ഇല്ലാത്തപക്ഷം മറ്റ് അവകാശികൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(3) ധനസഹായത്തിനുള്ള അപേക്ഷ അംഗം മരണമടഞ്ഞ് 3 മാസത്തിനകം ഫോറം നമ്പർ 4-ൽ ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിച്ചിരിക്കേണ്ടതാണ്.

(2) ഓരോ വർഷവും ഏപ്രിൽ മാസം 30-ാം തീയതിക്കകം താൻ കുടിയേറ്റ തൊഴിലാളിയായി തുടരുന്നുണ്ട് എന്ന് കാണിക്കുന്ന ഒരു സാക്ഷ്യപത്രം ഓരോ അംഗവും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിച്ചിരിക്കേണ്ടതാണ്. സാക്ഷ്യ പത്രം അനുബന്ധത്തിലെ ഫോറം നമ്പർ 3-ൽ ആയിരിക്കേണ്ടതും, അത് ഖണ്ഡിക 7 (2)-ലെ കുറിപ്പ് നമ്പർ 2-ൽ കാണിച്ച ആരെങ്കിലും നൽകിയിട്ടുള്ളതും ആയിരിക്കേണ്ടതാണ്.

എന്നാൽ, നിർദ്ദിഷ്ട സമയത്തിനുശേഷം സമർപ്പിക്കുന്ന സാക്ഷ്യപത്രവും, കാല താമസത്തിന് മതിയായ കാരണമുണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം, ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് സ്വീകരിക്കാവുന്നതാണ്.

(3) (2)-ാം ഉപഖണ്ഡിക പ്രകാരമുള്ള അപേക്ഷയോടൊപ്പം 4-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡിക പ്രകാരമുള്ള നിധിയിലേക്കുള്ള വാർഷിക അംഗത്വഫീസും അടച്ചിരിക്കേണ്ടതാണ്. ഈ തുകയും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ പണമായോ ബാങ്ക് ഡ്രാഫ്റ്റായോ അടയ്ക്കാവുന്നതാണ്.

(4) ഉപഖണ്ഡിക (2) പ്രകാരം സാക്ഷ്യപത്രം നൽകുവാനും വാർഷിക അംഗത്വഫീസ് അടയ്ക്കുവാനും വീഴ്ച വരുത്തുന്നപക്ഷം പ്രസ്തുത അംഗത്തിന്റെ അംഗത്വം തൊട്ട് മുമ്പുള്ള വർഷാവസാനമായ മാർച്ച് 31-ന് ശേഷം റദ്ദായതായി കണക്കാക്കുന്നതാണ്.

എന്നാൽ, അംഗത്വം നിലവിലുണ്ടായിരുന്ന, വർഷാവസാനത്തിന് ശേഷം ഏപ്രിൽ 30-ാം തീയതിക്കകം മരണമടഞ്ഞ അംഗങ്ങളെ സംബന്ധിച്ച്, അംഗത്വം മരണം വരെ തുടരുന്നതായി കണക്കാക്കേണ്ടതും പദ്ധതി പ്രകാരമുള്ള ആനുകൂല്യ ത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ്.

(5) ഏതെങ്കിലും വിധ്വംസക പ്രവർത്തനത്തിന്റെ ഭാഗമായോ അല്ലെങ്കിൽ ഏതെങ്കിലും ക്രിമിനൽ കുറ്റത്തിനെതിരെയുള്ള നടപടിയിൽനിന്നും ഒഴിവാകുന്നതിന് വേണ്ടിയോ ആണ് കുടിയേറ്റ തൊഴിലാളിയായതെന്നോ അഥവാ പദ്ധതിയിൽ അംഗമായതെന്നോ പിന്നീട് തെളിയുന്നപക്ഷം അയാളുടെ അംഗത്വം അംഗത്വാരംഭം മുതൽ റദ്ദായതായി കണക്കാക്കുന്നതും പദ്ധതിപ്രകാരം അതിനകം വല്ല ആനുകൂല്യവും കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് ബോർഡ് നിശ്ചയിക്കുന്ന പിഴ സഹിതം തിരിച്ചുപിടിക്കുന്നതുമാണ്.

(6) തെറ്റായ വിവരങ്ങൾ നൽകിയാണ് അംഗത്വം നേടിയതെന്ന് തെളിയുന്ന പക്ഷം, അംഗത്തിന് തന്റെ ഭാഗം വിശദീകരിക്കുന്നതിന് ഒരവസരം നൽകി, അംഗത്വം റദ്ദുചെയ്യുന്നതിന് ചീഫ്/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(7) അംഗത്തിന് 60 വയസ്സ് പൂർത്തിയാകുന്നമുറയ്ക്ക് പദ്ധതിയിലെ അംഗത്വം സ്വയം റദ്ദായതായി കണക്കാക്കുന്നതാണ്.

(3) ഉപഖണ്ഡിക (2) പ്രകാരമുള്ള അപേക്ഷയോടൊപ്പം പദ്ധതിയിലെ 4-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡിക പ്രകാരമുള്ള അംഗത്വഫീസും അടച്ചിരിക്കേണ്ടതാണ്. അംഗത്വഫീസ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ, പണമായോ, ബാങ്ക് ഡ്രാഫ്റ്റ് ആയോ അടയ്ക്കാവുന്നതാണ്.

(4) അപേക്ഷയോടൊപ്പം അപേക്ഷകൻ ഇതുവരെ ഏതെങ്കിലും വിധ്വംസക പ്രവർത്തിയിൽ ഏർപ്പെട്ടിട്ടില്ല എന്നും എന്തെങ്കിലും ക്രിമിനൽ കുറ്റം ചെയ്യുകയോ, ക്രിമിനൽ കേസുകളിൽ ഉൾപ്പെടുകയോ ചെയ്തിട്ടില്ല എന്നും ഉള്ള ഒരു സത്യപ്രസ്താവന നൽകേണ്ടതാണ്.

(5) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യമായ പരിശോധനകൾ നടത്തി അംഗത്വത്തിന് അർഹതയുണ്ടെങ്കിൽ അംഗത്വ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തി അംഗത്വം അനുവദിക്കേണ്ടതും പദ്ധതിയുടെ അനുബന്ധത്തിലെ ഫാറം നമ്പർ 2-ൽ ഉള്ള തിരിച്ചറിയൽ കാർഡ് അപേക്ഷകന് നൽകേണ്ടതുമാണ്. അംഗത്വത്തിന് അർഹതയില്ലാ എന്ന് കാണുന്നപക്ഷം അപേക്ഷകന് അംഗത്വം സംബന്ധിച്ച് തന്റെ ഭാഗം വിശദീകരിക്കുന്നതിന് ഒരവസരം നൽകി അപേക്ഷ നിരസിക്കാവുന്നതും, വിവരം അപേക്ഷകനെ ഉത്തരവുവഴി അറിയിച്ചിരിക്കേണ്ടതുമാണ്.

(6) ഉപഖണ്ഡിക (5) പ്രകാരമുള്ള നിരസന ഉത്തരവിനെതിരെ ആക്ഷേപമുള്ളപക്ഷം, അപേക്ഷകന് ഉത്തരവ് ലഭിച്ച് 3 മാസത്തിനകം ബോർഡ് മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതും, ബോർഡ് അപ്പീലിൽ തീരുമാനം എടുക്കേണ്ടതും തീരുമാനം അപേക്ഷകനെ അറിയിച്ചിരിക്കേണ്ടതുമാണ്. അപ്പീലിൽ ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

എന്നാൽ, മതിയായ കാരണത്താൽ ആണ് നിശ്ചിത സമയത്തിനകം അപ്പീൽ സമർപ്പിക്കുവാൻ കഴിയാതെ വന്നതെന്ന് ബോർഡിന് ബോദ്ധ്യപ്പെടുന്ന പക്ഷം, നിശ്ചിത സമയപരിധിക്കുശേഷം സമർപ്പിക്കുന്ന അപ്പീലും ബോർഡിന് സ്വീകരിക്കാവുന്നതാണ്.

8. <u>തൊഴിലുടമാ ബാദ്ധ്യത</u>.—അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ സേവനം ഉപയോഗിക്കുന്ന ഓരോ തൊഴിലുടമയും, കോൺട്രാക്ടറും തന്റെ കീഴിൽ ജോലിചെയ്യുന്നവരുടെ പേര് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

9. <u>രജിസ്ട്രേഷൻ റദ്ദാകലും മറ്റും</u>.—(1) ഏതൊരംഗത്തിന്റേയും അംഗത്വം, അയാൾ കുടിയേറ്റ തൊഴിലാളി അല്ലാതാകുന്ന മുറയ്ക്ക്, റദ്ദാകുന്നതാണ്. കുടിയേറ്റ തൊഴിലാളി അല്ലാതാകുന്ന തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം അംഗത്വം റദ്ദാക്കുന്നതിന് ഓരോ അംഗവും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് കത്ത് നൽകേണ്ടതാണ്.

എന്നാൽ, കത്ത് നൽകാതിരിക്കുന്നത് അയാളുടെ അംഗത്വം റദ്ദാക്കാതിരിക്കുന്നതിനുള്ള കാരണമായിത്തീരുന്നതല്ല.

(3) നിധിയിലെ അംഗങ്ങളുടെ രജിസ്ട്രേഷൻ, ആനുകൂല്യ വിതരണത്തിനുള്ള ചെലവുകൾ, അനുബന്ധ ചെലവുകൾ (പദ്ധതി നിർവ്വഹണത്തിന് യാത്ര ചെയ്യുന്നതിന് ബോർഡംഗങ്ങൾക്കും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കും/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസൂർമാർക്കും/ജീവനക്കാർക്കും അർഹതപ്പെട്ട യാത്രാച്ചെലവ് ഉൾപ്പെടെ), എന്നിവയ്ക്കല്ലാതെ യാതൊരുവിധ ഭരണച്ചെലവും നിധിയിൽനിന്നും വഹിക്കാവുന്നതല്ല.

(4) നിധിയുടെ നടത്തിപ്പിനും, മറ്റുമുള്ള എല്ലാ ഭരണച്ചെലവുകളും, ബോർഡിന് അതിന്റെ സ്വന്തം ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്.

## അദ്ധ്യായം III

## നിധിയിലെ അംഗത്വം

7. രജിസ്ട്രേഷൻ.—(1) (എ) പദ്ധതി പ്രാബല്യത്തിൽ വന്ന തീയതിക്ക് മുമ്പ് ഒരു മാസമോ അതിൽ കൂടുതൽ കാലമോ കുടിയേറ്റ തൊഴിലാളിയായി ജോലി ചെയ്തുവരുന്ന, 18 വയസ് പൂർത്തിയായതും എന്നാൽ 60 വയസ് പൂർത്തിയാകാത്ത തുമായ ഓരോ കുടിയേറ്റ തൊഴിലാളിയും പദ്ധതിയിൽ അംഗമാകുന്നതിന് തന്റെ പേർ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്.

(ബി) പദ്ധതി പ്രാബല്യത്തിൽ വന്നതിനുശേഷം കുടിയേറ്റ തൊഴിലാളിയായി ജോലി ചെയ്തുവരുന്ന, 18 വയസ് പൂർത്തിയായതും 60 വയസ് പൂർത്തിയാകാത്ത തുമായ ആൾ ഒരു മാസക്കാലം പൂർത്തിയാക്കുന്ന മുറയ്ക്ക് പദ്ധതിയിൽ അംഗമാകുന്ന തിന് തന്റെ പേര് രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്.

(2) അംഗത്വത്തിനുള്ള അപേക്ഷ, പദ്ധതിയുടെ അനുബന്ധമായി ചേർത്ത ഫോറം നമ്പർ 1-ൽ, തന്റെ വയസും, തൊഴിലും തെളിയിക്കുന്നതിനുള്ള രേഖകളും, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിച്ചിരിക്കേണ്ടതാണ്.

കുറിപ്പ്:—(1) വയസ് തെളിയിക്കുന്നതിന് ജനന-മരണ രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റ്, ഇന്ത്യൻ പാസ്പോർട്ട് എന്നിവയുടെ സാക്ഷ്യ പ്പെടുത്തിയ പകർപ്പോ, ഇവയുടെ അഭാവത്തിൽ വോട്ടവകാശത്തിന് ലഭിച്ച തിരിച്ചറിയൽ കാർഡോ, സംസ്ഥാന സർക്കാർ സർവ്വീസിലെ മെഡിക്കൽ ഓഫീസർ നൽകിയ സർട്ടിഫിക്കറ്റോ, അപേക്ഷകൻ ഉൾപ്പെടുന്ന മതസ്ഥാപനങ്ങളിൽ നിന്നുള്ള സർട്ടിഫിക്കറ്റോ സ്വീകരിക്കാവുന്നതാണ്.

കുറിപ്പ്:—(2) കുടിയേറ്റ തൊഴിലാളിയാണെന്ന് തെളിയിക്കുന്നതിന് തൊഴിലുടമയുടെ സർട്ടിഫിക്കറ്റോ, അപേക്ഷകന്റെ ജന്മനാട്ടിലെയോ കേരളത്തിലെയോ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ, സബ് ഇൻസ്പെക്ടറുടെ പദവിയിൽ താഴെ അല്ലാത്ത പോലീസ് ഓഫീസർ, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, എം. പി., എം. എൽ. എ., കോർപ്പറേഷൻ മേയർ, മുനിസിപ്പാലിറ്റി ചെയർമാൻ, ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ഗസറ്റഡ് ഓഫീസർ, ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർ എന്നിവരിലാരെങ്കിലും നൽകിയ സർട്ടിഫിക്കറ്റോ സ്വീകരിക്കാവുന്നതാണ്.

(4) സർക്കാരിന്റെ മുൻകൂർ അനുമതിയോടെ, സർക്കാർ/അർദ്ധസർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങളിൽ നിന്നോ ധർമ്മ സ്ഥാപനങ്ങളിൽ നിന്നോ, സംഘടനകളിൽ നിന്നോ നിധിയിലേക്ക് സംഭാവനകൾ സ്വീകരിക്കുന്നതിന് ബോർഡിന് അധികാരമുണ്ടായിരിക്കുന്നതും അപ്രകാരം ലഭിക്കുന്ന സംഭാവനകൾ ബോർഡ് നിധിയിലേക്ക് വരവുവയ്ക്കേണ്ടതുമാണ്.

(5) ഉപഖണ്ഡികകൾ (2)-ഉം (3)-ഉം പ്രകാരമുള്ള തുകകൾ നിധിയിലേക്ക് ലഭ്യമാക്കുന്നതിനുവേണ്ടി ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ഓരോ വർഷവും ഉപഖണ്ഡിക (3) പ്രകാരം സമാഹരിച്ച തുക കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം വർഷം അവസാനിച്ച ഉടൻ തുക അനുവദിക്കാനുള്ള അപേക്ഷ സർക്കാരിനും, ബോർഡിനും സമർപ്പിക്കേണ്ടതും, അപേക്ഷ ലഭിച്ച ഉടൻതന്നെ സർക്കാർ/ബോർഡ് ആയത് പരിശോധിച്ച് അർഹമായ തുക നിധിയിലേക്ക് നൽകുകയും ചെയ്യേണ്ടതാണ്.

5. <u>ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും മറ്റ് ഓഫീസർമാരും</u>.—(1) ഈ പദ്ധതിയുടെ നടത്തിപ്പും മേൽനോട്ടവും ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതും, നടത്തിപ്പിനും മേൽനോട്ടത്തിനുമായി ബോർഡിന്റെ സെക്രട്ടറിയെയോ മറ്റേതെങ്കിലും ഉദ്യോഗസ്ഥനെയോ പദ്ധതിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയി സർക്കാരിന് നിശ്ചയിക്കാവുന്നതുമാണ്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ബോർഡിന്റെ നിയന്ത്രണങ്ങൾക്കും പദ്ധതിയിലെ വ്യവസ്ഥകൾക്കും വിധേയമായി പദ്ധതി നടത്തിപ്പിന്റെ പൂർണ്ണചുമതല ഉണ്ടായിരിക്കുന്നതാണ്.

(2) പദ്ധതി പ്രാബല്യത്തിൽ വന്നാലുടൻ പദ്ധതിയുടെ നടത്തിപ്പിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ സഹായിക്കുന്നതിനായി, ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരെ, തങ്ങളുടെ, അധികാരപരിധിയിലുള്ള ഈ പദ്ധതി പ്രകാരമുള്ള ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരായി കണക്കാക്കുന്നതും പദ്ധതിപ്രകാരം അവർ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ, ചുമതല വഹിക്കേണ്ടതുമാണ്.

<u>കുറിപ്പ്</u>:—ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ എന്നതിൽ അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ഉൾപ്പെടുന്നതാണ്.

(3) പദ്ധതി നടത്തിപ്പിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയോ, ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറെയോ സഹായിക്കുന്നതിന് ബോർഡിലെ അതത് ഓഫീസിലെ ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

6. <u>നിധിയുടെ നടത്തിപ്പും വിനിയോഗവും</u>.—(1) നിധിയുടെ നടത്തിപ്പും, ഭരണവും, നിധിയിൽനിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടവും ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) നിധിയിൽ നിന്നുള്ള തുക പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും അനുബന്ധചെലവുകൾക്കുമല്ലാതെ മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാവുന്നതല്ല.

(ii) കേരള ലേബർ വെൽഫെയർ ഫണ്ട് നിയമമൊഴികെ മറ്റേതെങ്കിലും ക്ഷേമനിധി പദ്ധതിയുടെ പരിധിയിൽ വരുന്നവരും, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് പദ്ധതി, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് പദ്ധതി എന്നിവയുടെ പരിധിയിൽ വരുന്നവരും ;

(iii) പ്രതിമാസ വേതനമോ, മറ്റു വരുമാനമോ 7,500 രൂപയിൽ കവിയുന്നവർ ;

(iv) കേരളത്തിൽ സ്ഥിരതാമസമാക്കിയവർ.

വിശദീകരണം:—കേരളത്തിൽ സ്ഥിരതാമസമാക്കിയവർ എന്നാൽ, തൊഴിൽ ആവശ്യാർത്ഥം താമസത്തിനല്ലാതെ കേരള സംസ്ഥാനത്ത് സ്വന്തമായി ഭൂമിയും താമസസൗകര്യവും ഉള്ളവരും സംസ്ഥാനത്തെ പൗരൻമാർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുള്ളവരും എന്നർത്ഥമാകുന്നു.

(ഐ) "അംഗം" എന്നാൽ പദ്ധതിയിലെ ഒരംഗം എന്നർത്ഥമാകുന്നു;

(ജെ) "പദ്ധതി" എന്നാൽ "2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി" എന്നർത്ഥമാകുന്നു;

(കെ) "വർഷം" എന്നാൽ ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ ആരംഭിക്കുന്ന സാമ്പത്തിക വർഷം എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## നിധിയുടെ രൂപീകരണം

3. കേരള കുടിയേറ്റ തൊഴിലാളി ക്ഷേമനിധി.—കേരളത്തിലെ കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ പദ്ധതിപ്രകാരം സർക്കാർ 'കേരള കുടിയേറ്റ തൊഴിലാളി ക്ഷേമനിധി' എന്ന പേരിൽ ഒരു നിധി രൂപീകരിക്കുന്നതാണ്. നിധി കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ഒരു പ്രത്യേക നിധിയായി നിക്ഷിപ്തമാകുന്നതും ബോർഡ് അത് കൈകാര്യം ചെയ്യേണ്ടതും അതിന്റെ ഭരണം നിർവ്വഹിക്കേണ്ടതുമാണ്.

4. നിധിയിലേക്കുള്ള വരുമാനം.—(1) നിധിയിൽ അംഗത്വമുള്ള ഓരോ കുടിയേറ്റ തൊഴിലാളിയും നിധിയിലേക്ക് അംഗത്വഫീസ് ആയി പ്രതിവർഷം 30 രൂപ വീതം നൽകേണ്ടതാണ്.

(2) ഉപഖണ്ഡിക (1) പ്രകാരം ഓരോ വർഷവും സമാഹരിക്കുന്ന തുകയുടെ മൂന്ന് മടങ്ങ് വരുന്ന തുക ഓരോ വർഷവും നിധിയിലേക്ക് സർക്കാർ ധനസഹായമായി നൽകേണ്ടതാണ്.

(3) ഉപഖണ്ഡിക (1) പ്രകാരം ഓരോ വർഷവും സമാഹരിക്കുന്ന തുകയുടെ മൂന്ന് മടങ്ങ് വരുന്ന തുക ഓരോ വർഷവും കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്, നിധിയിലേക്ക് നൽകേണ്ടതാണ്.

## കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി 2010

ഫോറം നമ്പർ 3

[ഖണ്ഡിക 9 (2) കാണുക]

### കുടിയേറ്റ തൊഴിലാളിയാണെന്ന സാക്ഷ്യപത്രം

കേരള കുടിയേറ്റ തൊഴിലാളി ക്ഷേമനിധിയിലെ ............................ നമ്പർ അംഗമായ ശ്രീ/ശ്രീമതി.................................................................... എന്ന ആളെ എനിക്ക് നേരിട്ട് അറിയാമെന്നും, ടിയാൻ/ടിയാൾ ............................................................ സ്വദേശിയാണെന്നും തൊഴിൽ ആവശ്യാർത്ഥം കേരളത്തിൽ താമസിച്ചുവരുന്ന ആൾ/ഉപജീവനാർത്ഥം കേരളത്തിൽ തൊഴിൽ ചെയ്തുവരുന്ന ആൾ ആണെന്നും കേരളത്തിൽ ഇപ്പോഴും താമസം തുടർന്നുവരുന്നുണ്ടെന്നും സാക്ഷ്യപ്പെടുത്തികൊള്ളുന്നു.

ഈ സർട്ടിഫിക്കറ്റ് കേരള കുടിയേറ്റ തൊഴിലാളി ക്ഷേമനിധി അംഗത്വം പുതുക്കുന്നതിനുവേണ്ടി നൽകിയതാണ്.

സ്ഥലം : ഒപ്പ് :

തീയതി : *സാക്ഷ്യപ്പെടുത്തുന്ന ആളുടെ പേരും തസ്തികയും വിലാസവും.*

(സീൽ)

### ഓഫീസ് ആവശ്യത്തിന്

സർട്ടിഫിക്കറ്റ് ഓഫീസിൽ ലഭിച്ച തീയതി :

അടച്ച അംഗത്വഫീസ് തുക :

അംഗത്വ ഫീസ് അടച്ച തീയതിയും ഏതു വർഷത്തേയ്ക്ക് എന്നും :

ശ്രീ/ശ്രീമതി.................................................................ന്റെ/യുടെ അംഗത്വം.................................... വർഷത്തേക്ക് പുതുക്കിയിരിക്കുന്നു.

കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി 2010

ഫോറം നമ്പർ 4

[ഖണ്ഡിക 10 (3) കാണുക]

## അംഗത്തിന്റെ മരണാനന്തരം ക്ഷേമനിധിയിൽ നിന്നും ആശ്രിതർക്കുള്ള ധനസഹായത്തിനുള്ള അപേക്ഷ

1. അപേക്ഷകന്റെ/അപേക്ഷകയുടെ പേര് :

2. അച്ഛന്റെ/ഭർത്താവിന്റെ പേര് :

3. വയസ്സ് :

4. പൂർണ്ണമായ മേൽവിലാസം (പ്രദേശം, വില്ലേജ്, താലൂക്ക്, ജില്ല, സംസ്ഥാനം, പോസ്റ്റ് ഓഫീസ്, പിൻകോഡ് കാണിച്ചിരിക്കണം) :

5. (1) മരണമടഞ്ഞ അംഗത്തിന്റെ പേര് :

   (2) അംഗത്വ നമ്പർ :

   (3) അംഗത്വം പ്രാബല്യത്തിൽ വന്ന തീയതി :

   (4) മരണമടയുന്ന സമയത്ത് ക്ഷേമനിധി അംഗത്വം നിലനിർത്തിയിട്ടുണ്ടോ ? :

   (5) മരണമടഞ്ഞ തീയതി (മരണസർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയിരിക്കണം) :

   (6) മരണമടഞ്ഞ സ്ഥലം :

   (7) മരണകാരണം :

   (8) അംഗം അവസാനമായി ചികിത്സ നടത്തിയ ആശുപത്രിയുടെ പേരും സ്ഥലവും :

6. ജോലിക്കിടയിലുള്ള അപകടമരണമാണെങ്കിൽ അതുസംബന്ധിച്ച വിശദാംശങ്ങൾ :

7. അപേക്ഷകന്/അപേക്ഷകയ്ക്ക് അംഗവുമായുള്ള ബന്ധം (ബന്ധം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം) :

8. അംഗത്തിന്റെ കുടുംബാംഗങ്ങളുടെ പേരും ഓരോരുത്തർക്കും അംഗവുമായുള്ള ബന്ധവും :

9. (1) അപേക്ഷകൻ/അപേക്ഷക അംഗത്തിന്റെ പദ്ധതിയിലെ 10 (1) (എ) ഖണ്ഡിക പ്രകാരമുള്ള കുടുംബാംഗമാണോ ? :

(2) അല്ലെങ്കിൽ പദ്ധതിയുടെ 10 (1) (ബി) ഖണ്ഡികകൾ പ്രകാരമുള്ള കുടുംബാംഗമാണോ? :

10. രണ്ട് അറിവ് സാക്ഷികളുടെ പേരും മേൽവിലാസവും തൊഴിലും :

11. മറ്റെന്തെങ്കിലും പറയുവാനുണ്ടെങ്കിൽ ആയത് :

12. അപേക്ഷിക്കുന്ന ധനസഹായ തുക :

## സത്യപ്രസ്താവന

മുകളിൽ കൊടുത്തിരിക്കുന്ന മുഴുവൻ വിവരങ്ങളും എന്റെ അറിവിൽ സത്യവും എന്റെ ഉത്തമവിശ്വാസത്തോടുകൂടിയതുമാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

തെറ്റായ വിവരങ്ങൾ നൽകി ക്ഷേമനിധിയിൽ നിന്നും ആനുകൂല്യങ്ങൾ കൈപ്പറ്റിയെന്ന് പിന്നീട് തെളിയുന്നപക്ഷം കൈപ്പറ്റിയ തുകയും പലിശയും എന്നിൽ നിന്ന് ഈടാക്കുന്നതിന് എനിക്ക് സമ്മതമാണെന്നും ഞാൻ അതിന് ബാദ്ധ്യസ്ഥമായിരിക്കുമെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം :

തീയതി :

അപേക്ഷകന്റെ/യുടെ പേരും ഒപ്പും.

## ഓഫീസ് ആവശ്യത്തിന്

1. അപേക്ഷ ലഭിച്ച തീയതി :

2. അംഗത്വം മരണംവരെ നിലനിർത്തിയിട്ടുണ്ടോ? :

3. അംഗത്വഫീസ് ഏത് വർഷം മുതൽ ഏത് വർഷം വരെ അടച്ചു :

4. അവസാനവർഷത്തെ അംഗത്വഫീസ് അടച്ച തീയതി :

*ധനസഹായമായി........................................................രൂപയ്ക്ക് അർഹതയുണ്ട്. അപേക്ഷ അനുവദിച്ചു. /*താഴെ പറയുന്ന കാരണത്താൽ ധനസഹായത്തിന് അർഹതയില്ല. അപേക്ഷ നിരസിച്ചു.

തീയതി :

*ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ.*

---

*ആവശ്യമില്ലാത്തത് വെട്ടിക്കളയുക.

## കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി 2010

ഫോറം നമ്പർ 5

[ഖണ്ഡിക 11 (2) കാണുക]

## പ്രത്യേക ആശ്വാസ ധനസഹായത്തിനുള്ള അപേക്ഷ

1. അപേക്ഷകനായ/അപേക്ഷകയായ അംഗത്തിന്റെ പേര് :
2. അംഗത്വ നമ്പർ :
3. അംഗത്വം പ്രാബല്യത്തിൽ വന്ന തീയതി :
4. അംഗത്വം റദ്ദാകാതെ നിലനിർത്തിയിട്ടുണ്ടോ :
5. അവസാനമായി അംഗത്വഫീസ് അടച്ച തീയതിയും ഏത് വർഷത്തേക്കെന്നും :
6. ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള കാരണം : ജോലിയിലിരിക്കെ അപകടംമൂലം പരിക്ക്/രോഗംമൂലം പരിക്കുമൂലം സ്ഥായിയായ അവശത
7. അപകടമാണെങ്കിൽ
   (1) അപകടം നടന്ന തീയതിയും സമയവും :
   (2) അപകടം നടന്ന സ്ഥലം :
   (3) അപകടസമയത്ത് അംഗം ചെയ്തുകൊണ്ടിരുന്ന ജോലി :
   (4) അപകടത്തെ തുടർന്നുണ്ടായ പരിക്കിന്റെ വിശദാംശങ്ങൾ :
   (5) ചികിത്സ നടത്തിയ ആശുപത്രിയുടെ പേരും വിലാസവും :
   (6) ചികിത്സ അവസാനിച്ച തീയതി :
   (7) ജോലിയിൽ പുനർ പ്രവേശിച്ച/ ജോലി പുനരാരംഭിച്ച തീയതി :
   (8) അപകടത്തെ തുടർന്ന് ജോലിയിൽ നിന്ന് വിട്ടുനിന്ന കാലയളവ് :...................മുതൽ...........................വരെ

8. രോഗംമൂലമോ പരിക്കുമൂലമോ സ്ഥായി യായ അവശതയാണെങ്കിൽ :

(1) രോഗത്തിന്റെ പേരും പരിക്കിന്റെ വിവരവും ആരംഭിച്ച തീയതിയും :

(2) നടത്തിയ ചികിത്സയുടെ വിശദ വിവരങ്ങൾ :

(3) ചികിത്സ നടത്തിയ ഡോക്ടറുടെ/ ആശുപത്രിയുടെ പേരും വിലാസവും :

(4) ചികിത്സ തുടരുന്നുണ്ടോ? ചികിത്സ അവസാനിച്ചെങ്കിൽ അവസാനിച്ച തീയതി :

(5) നിലവിലുള്ള അവശതയുടെ വിശദാംശങ്ങൾ :

9. കേരള സർക്കാർ സർവ്വീസിലെ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കി യിട്ടുണ്ടോ ? :

സർട്ടിഫിക്കറ്റ് നൽകിയ മെഡിക്കൽ ആഫീസറുടെ പേരും തസ്തികയും :

10. മുമ്പ് ധനസഹായത്തിന് അപേക്ഷി ക്കുകയോ ലഭിക്കുകയോ ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദവിവരം :

11. അപേക്ഷിക്കുന്ന ധനസഹായ തുക :

12. അഭിപ്രായക്കുറിപ്പ് :

## സത്യപ്രസ്താവന

മുകളിൽ കൊടുത്തിരിക്കുന്ന മുഴുവൻ വിവരങ്ങളും എന്റെ അറിവിൽ സത്യവും എന്റെ ഉത്തമവിശ്വാസത്തോടുകൂടിയുള്ളതുമാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

തെറ്റായ വിവരങ്ങൾ നൽകി ക്ഷേമനിധിയിൽ നിന്നും ആനുകൂല്യങ്ങൾ കൈപ്പറ്റിയെന്ന് പിന്നീട് തെളിയുന്നപക്ഷം കൈപ്പറ്റിയ തുകയും പലിശയും എന്നിൽ നിന്ന് ഈടാക്കുന്നതിന് എനിക്ക് സമ്മതമാണെന്നും ഞാൻ അതിന് ബാദ്ധ്യസ്ഥമായിരിക്കുമെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം :

തീയതി : *അംഗത്തിന്റെ പേരും ഒപ്പും.*

## ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ ശുപാർശ

*നമ്പർ:*

1. അപേക്ഷ ലഭിച്ച തീയതി
2. അപേക്ഷയിൽ കാണിച്ചിരിക്കുന്ന വിവരങ്ങൾ പൂർണ്ണമായും ശരിയാണെന്ന് കാണുന്നു.
3. അപേക്ഷയിന്മേൽ നടത്തിയ അന്വേഷണത്തിൽ അംഗത്തിന് ധനസഹായത്തിന് അർഹതയുണ്ടെന്ന് കാണുന്നു/താഴെ പറയുന്ന കാരണത്താൽ ധനസഹായത്തിന് അർഹതയില്ലെന്ന് കാണുന്നു.

തീയതി : *ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ.*

നമ്പർ.........../...................

അപേക്ഷ ചീഫ് എക്സിക്യൂട്ടീവ് ഓഫീസിൽ ലഭിച്ച തീയതി:

ധനസഹായമായി.........................................................രൂപ അനുവദിച്ചു/താഴെ പറയുന്ന കാരണത്താൽ ധനസഹായത്തിന് അർഹതയില്ല എന്ന് കാണുന്നതിനാൽ അപേക്ഷ നിരസിച്ചു.

തീയതി : *ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.*

# കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി 2010

ഫോറം നമ്പർ 6

[ഖണ്ഡിക 12 (6) കാണുക]

## ചികിത്സാ സഹായത്തിനുള്ള അപേക്ഷ

1. അപേക്ഷകന്റെ/അപേക്ഷകയുടെ പേര് :
2. (എ) അംഗത്വ നമ്പർ :

   (ബി) അംഗത്വം പ്രാബല്യത്തിൽ വന്ന തീയതി :

   (സി) അപേക്ഷാ തീയതിക്ക് അംഗത്വം റദ്ദാകാതെ നിലനിർത്തിയിട്ടുണ്ടോ ? :

   (ഡി) അവസാനമായി അംഗത്വഫീസ് അടച്ച തീയതിയും ഏത് വർഷത്തേക്കാണെന്നും :
3. (എ) ചികിത്സ ആശുപത്രിയിൽ കിടത്തിയാണോ :

   (ബി) കിടത്തി ചികിത്സയാണെങ്കിൽ പ്രവേശിപ്പിച്ച ആശുപത്രിയുടെ പേരും വിലാസവും :

   (സി) ആശുപത്രിയിൽ പ്രവേശനം ലഭിച്ച തീയതി :

   (ഡി) വിടുതൽ ചെയ്ത തീയതി :
4. ചികിത്സയ്ക്കാധാരമായ രോഗം എന്ത്? :
5. ചികിത്സ ആരംഭിച്ച തീയതി :
6. ചികിത്സ അവസാനിച്ചിട്ടുണ്ടെങ്കിൽ അവസാനിച്ച തീയതി :
7. കിടത്തി ചികിത്സ അല്ലായിരുന്നെങ്കിൽ ചികിത്സ നടത്തുന്ന ആശുപത്രിയുടെ/ക്ലിനിക്കിന്റെ/ സ്ഥാപനത്തിന്റെ പേരും വിലാസവും :
8. ഏത് രോഗത്തിനാണ് ചികിത്സ നടത്തിയത് എന്നും എത്രകാലം ചികിത്സിച്ചു എന്നും :
9. ചികിത്സ കാരണം ജോലിയിൽ നിന്ന് വിട്ടു നിന്ന കാലയളവ് : .................മുതൽ.............വരെ
10. പ്രസ്തുത ചികിത്സയ്ക്ക് മറ്റേതെങ്കിലും ധനസഹായം ലഭ്യമായിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദവിവരങ്ങൾ :
11. അടക്കം ചെയ്യുന്ന രേഖകൾ :
12. അപേക്ഷിക്കുന്ന ധനസഹായ തുക :

## സത്യപ്രസ്താവന

മുകളിൽ കൊടുത്തിരിക്കുന്ന മുഴുവൻ വിവരങ്ങളും എന്റെ അറിവിൽ സത്യവും എന്റെ ഉത്തമവിശ്വാസത്തോടുകൂടിയുള്ളതുമാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

തെറ്റായ വിവരങ്ങൾ നൽകി ക്ഷേമനിധിയിൽനിന്നും ആനുകൂല്യങ്ങൾ കൈപ്പറ്റിയെന്ന് പിന്നീട് തെളിയുന്ന പക്ഷം കൈപ്പറ്റിയ തുകയും പലിശയും എന്നിൽനിന്ന് ഈടാക്കുന്നതിന് എനിക്ക് സമ്മതമാണെന്നും ഞാൻ അതിന് ബാദ്ധ്യസ്ഥമായിരിക്കുമെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം :
തീയതി :

*അപേക്ഷകന്റെ പേരും ഒപ്പും.*

## ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ ശുപാർശ

നമ്പർ:

അപേക്ഷ ഓഫീസിൽ ലഭിച്ചത്..............................................-ന് ആണ്. അന്വേഷണം നടത്തിയതിൽ അപേക്ഷയിൽ കാണിച്ച മുഴുവൻ വിവരങ്ങളും ശരിയാണ്/ശരിയല്ല എന്ന് കാണുന്നു (വിശദാംശങ്ങൾ താഴെ കൊടുത്തിട്ടുണ്ട്). അപേക്ഷക/ൻ ചികിത്സാ സഹായ ത്തിന്/ആശുപത്രിയിൽ കിടത്തി ചികിത്സാ ആനുകൂല്യത്തിന്/ചികിത്സാ സഹായത്തിനും ആശുപത്രിയിൽ കിടന്നു ചികിത്സാ സഹായത്തിനും അർഹതയുണ്ടെന്ന് കാണുന്നു. അപേക്ഷ സ്വീകരിക്കാവുന്നതാണ്/താഴെ പറയുന്ന കാരണങ്ങളാൽ നിരസിക്കാവുന്നതാണ്.

തീയതി :

*ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ.*

(ഓഫീസ് സീൽ)

## ചീഫ് എക്സിക്യൂട്ടീവ് ഓഫീസിലെ ആവശ്യത്തിന്

നമ്പർ:

ധനസഹായം..................................രൂപ അനുവദിച്ചു/താഴെ പറയുന്ന കാരണത്താൽ ധനസഹായത്തിന് അർഹതയില്ല എന്ന് കാണുന്നതിനാൽ അപേക്ഷ നിരസിച്ചു.

*ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.*

# കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി 2010

## ഫോറം നമ്പർ 7

[ഖണ്ഡിക 13 (2) കാണുക]

## ടെർമിനൽ ബനിഫിറ്റിനുള്ള അപേക്ഷ

1. അപേക്ഷകന്റെ/അപേക്ഷകയുടെ പേര് :
2. അംഗത്വ നമ്പർ :
3. (എ) അംഗത്വം പ്രാബല്യത്തിൽ വന്ന തീയതി :
   (ബി) അംഗത്വം അവസാനിപ്പിച്ച തീയതി/മാസം :
4. അംഗത്വം അവസാനിപ്പിച്ചതിന് കാരണം (അതായത് കുടിയേറ്റ തൊഴിലാളി അല്ലാതായതോ 60 വയസ്സ് പൂർത്തിയായതോ മറ്റേതെങ്കിലും കാരണത്താലോ എന്ന് വ്യക്തമാക്കുക) :
5. അപേക്ഷകന്/അപേക്ഷകയ്ക്ക് അറുപത് വയസ്സ് പൂർത്തിയായ തീയതി :
6. അംഗത്വം പുതുക്കിയത് ഏത് വർഷം വരെ അവസാനമായി അംഗത്വഫീസ് അയച്ച തീയതി :
7. പൂർത്തിയാക്കിയ അംഗത്വ കാലയളവ് :
8. ഏതെങ്കിലും പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ ലഭിച്ചുവരുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദവിവരം :
9. മറ്റ് ഏതെങ്കിലും വിധത്തിലുള്ള ടെർമിനൽ ബനിഫിറ്റിനോ, റിട്ടയർമെന്റ് ആനുകൂല്യത്തിനോ അർഹതയുണ്ടോ? (ഗ്രാറ്റുവിറ്റി നിയമപ്രകാരം ഗ്രാറ്റുവിറ്റി ലഭിക്കാനർഹതയുണ്ടെങ്കിൽ ആ വിവരവും ചേർക്കേണ്ടതാണ്.) :
10. മറ്റ് വിവരങ്ങൾ ഉണ്ടെങ്കിൽ ആയത്
11. അർഹതപ്പെട്ട ടെർമിനൽ ബനിഫിറ്റ് തുക :

## സത്യപ്രസ്താവന

മുകളിൽ കാണിച്ച വിവരങ്ങൾ മുഴുവൻ സത്യവും എന്റെ ഉത്തമവിശ്വാസത്തോടു കൂടിയുള്ളതുമാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം :

തീയതി :

*അപേക്ഷകന്റെ/അപേക്ഷകയുടെ ഒപ്പ്*

## ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ ശുപാർശ

നമ്പർ:

അംഗമായ ശ്രീ/ശ്രീമതി..........................................................എന്നയാളുടെ അംഗത്വം ......................മുതൽ....................വരെ റദ്ദാകാതെ നിലനിർത്തിയിട്ടുണ്ട്./*.................മുതൽ റദ്ദായ അംഗത്വം പുനഃസ്ഥാപിക്കുകയും അതുവഴി.......................മുതൽ.................വരെ അംഗത്വം നിലനിർത്തിയിട്ടുമുണ്ട്. അപേക്ഷകന്/അപേക്ഷകയ്ക്ക് ക്ഷേമനിധിയിൽ നിന്നും ടെർമിനൽ ബനിഫിറ്റിന് അർഹതയുണ്ട് എന്ന് കാണുന്നു/*താഴെപ്പറയുന്ന കാരണത്താൽ ടെർമിനൽ ബനിഫിറ്റിന് അർഹതയില്ല എന്ന് കാണുന്നു.

തീയതി :

*ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ*

(ഓഫീസ് സീൽ)

## ചീഫ് എക്സിക്യൂട്ടീവ് ഓഫീസിലെ ആവശ്യത്തിന്

നമ്പർ:

തീയതി :

അപേക്ഷകന്/അപേക്ഷകയ്ക്ക് ..........................................രൂപ ടെർമിനൽ ബനിഫിറ്റായി അനുവദിച്ചു/താഴെപ്പറയുന്ന കാരണത്താൽ ടെർമിനൽ ബനിഫിറ്റിനുള്ള അപേക്ഷ നിരസിച്ചു.

*ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ*

---

* ആവശ്യമില്ലാത്തത് വെട്ടിക്കളയുക.

കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി 2010

ഫോറം നമ്പർ 8

[ഖണ്ഡിക 14 (6) കാണുക]

## ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് ധനസഹായത്തിനുള്ള അപേക്ഷ

1. അപേക്ഷകന്റെ/അപേക്ഷകയുടെ പേരും മേൽവിലാസവും :
2. അച്ഛന്റെ/ഭർത്താവിന്റെ പേര് :
3. വയസ്സ് :
4. തൊഴിൽ :
5. (1) മരണമടഞ്ഞ അംഗത്തിന്റെ പേര് :
   (2) ക്ഷേമനിധി അംഗത്വ നമ്പർ :
   (3) അംഗത്വം പ്രാബല്യത്തിൽ വന്ന തീയതി :
   (4) അവസാനമായി അംഗത്വഫീസ് അടച്ച തീയതിയും ഏത് വർഷത്തേക്കെന്നും :
   (5) അംഗം മരണമടഞ്ഞ തീയതിയും സ്ഥലവും (മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയിരിക്കണം) :
   (6) മരണ കാരണം :
   (7) (എ) മരണത്തിന് തൊട്ടുമുമ്പുള്ള കാലയളവിൽ അംഗം തൊഴിൽ, തൊഴിൽ ചെയ്തുവന്നിരുന്ന സ്ഥാപനത്തിന്റെ പേര്, വിലാസം :
   (ബി) സ്ഥാപനമല്ലായിരുന്നുവെങ്കിൽ തൊഴിലുടമയുടെ പേര്, വിലാസം :
   (സി) സ്വയം തൊഴിൽ ആണെങ്കിൽ അതിന്റെ വിശദാംശങ്ങൾ :
   (8) അംഗത്തിന്റെ വൈവാഹിക പദവി : വിവാഹിതൻ/അവിവാഹിതൻ
6. അപേക്ഷകന്/ക്ക് അംഗവുമായുള്ള ബന്ധം (ബന്ധം തെളിയിക്കുന്ന സർട്ടിഫിക്കറ്റും മരണമടഞ്ഞ അംഗത്തിന്റെ അവകാശികൾ ആരൊക്കെയെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റും ഹാജരാക്കിയിരിക്കണം) :

| | | |
|---|---|---|
| 7. | അംഗത്തിന്റെ ശവസംസ്ക്കാരം നടത്തിയ സ്ഥലവും തീയതിയും | : |
| 8. | ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിന് ചെലവ് വഹിച്ച ആളുടെ പേരും അംഗവുമായുള്ള ബന്ധവും (തെളിവായി എം.പി./എം.എൽ.എ./ ബന്ധപ്പെട്ട തഹസിൽദാർ/സ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ/സെക്രട്ടറി/ ജില്ലാ ഭരണാധികാരികൾ എന്നിവരിലാരെങ്കിലും നൽകിയ സർട്ടിഫിക്കറ്റ് ഹാജരാക്കണം) | : |
| 9. | ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിന് സർക്കാർ/ തദ്ദേശ സ്വയംഭരണ സ്ഥാപനം/സർക്കാർ ഇതര സ്ഥാപനം എന്നിവരിൽനിന്ന് വല്ല ധനസഹായവും ലഭച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ വിശദവിവരം നൽകുക | : |
| 10. | (1) ഭൗതികശരീരം കൊണ്ടുപോകുവാൻ ഉപയോഗിച്ച മാർഗ്ഗം | : റോഡ്/റെയിൽ/വിമാനം/മറ്റുള്ളവ (ഇതിൽ ഏതെന്ന് വ്യക്തമാക്കുക) |
| | (2) ചെലവായ തുക | : |
| 11. | ധനസഹായാർഹർ ഒന്നിൽകൂടുതൽ പേർ ഉണ്ടെങ്കിൽ മറ്റ് അവകാശികളുടെ പേരും അവർക്ക് അംഗവുമായുള്ള ബന്ധവും | : |
| 12. | അപേക്ഷകന്/ക്ക് ധനസഹായം നൽകുന്നതിന് മറ്റ് അവകാശികളുടെ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ടോ? (സമ്മതപത്രം ഇംഗ്ലീഷിലോ, മലയാളത്തിലോ ആയിരിക്കേണ്ടതും ആയത് എം.പി./എം.എൽ.എ./ബന്ധപ്പെട്ട ജില്ലാ/ ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് പ്രസിഡന്റോ/ സെക്രട്ടറിയോ/മുനിസിപ്പാലിറ്റി ചെയർമാനോ/ തഹസിൽദാരോ/അതിന് മുകളിലുള്ള റവന്യൂ ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തിയതും ആയിരിക്കണം) | : |
| 13. | അപേക്ഷിക്കുന്ന തുക | : |

## സത്യപ്രസ്താവന

മുകളിൽ കൊടുത്തിരിക്കുന്ന മുഴുവൻ വിവരങ്ങളും എന്റെ അറിവിൽ സത്യവും എന്റെ ഉത്തമവിശ്വാസത്തോടുകൂടിയുള്ളവയാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

തെറ്റായ വിവരങ്ങൾ നൽകി ക്ഷേമനിധിയിൽനിന്നും ആനുകൂല്യങ്ങൾ കൈപ്പറ്റിയെന്ന് പിന്നീട് തെളിയുന്ന പക്ഷം കൈപ്പറ്റിയ തുകയും പലിശയും എന്നിൽനിന്ന് ഈടാക്കുന്നതിന് എനിക്ക് സമ്മതമാണെന്നും ഞാൻ അതിന് ബാദ്ധ്യസ്ഥമായിരിക്കുമെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം :
തീയതി :

*അപേക്ഷകന്റെ/യുടെ പേരും ഒപ്പും*

## ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ ശുപാർശ

നമ്പർ.

തീയതി :

അപേക്ഷ ലഭിച്ച തീയതി:

മരണമടഞ്ഞ അംഗമായ ശ്രീ/ശ്രീമതി.................................................................................... എന്നയാളുടെ അംഗത്വം മരണം വരെ നിലനിർത്തിയിട്ടുണ്ട്. ടിയാളുടെ അംഗത്വ ഫീസ് ....................മുതൽ....................വരെ അടച്ചിട്ടുണ്ട്. അന്വേഷണത്തിൽ അംഗം മരണമടഞ്ഞത് കേരളത്തിലാണെന്നും ഭൗതിക ശരീരം സംസ്ക്കരിച്ചത്, സ്വദേശമായ ..........................................................സംസ്ഥാനത്താണെന്നും അറിയുന്നു. അപേക്ഷകന്/അപേക്ഷകയ്ക്ക് പൂർണ്ണ/ഭാഗിക ധനസഹായത്തിന് അർഹതയുണ്ട്/*താഴെപ്പറയുന്ന കാരണത്താൽ ധനസഹായത്തിന് അർഹതയില്ല.

(ഓഫീസർ)

*ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ*

## ചീഫ് എക്സിക്യൂട്ടീവ് ഓഫീസ് ആവശ്യത്തിന്

നമ്പർ:

തീയതി :

അപേക്ഷകളും രേഖകളും പരിശോധിച്ചതിൽ അപേക്ഷകന്/അപേക്ഷകയ്ക്ക് ..........................................രൂപ ധനസഹായത്തിന് അർഹതയുണ്ട്/*താഴെപ്പറയുന്ന കാരണത്താൽ ധനസഹായത്തിന് അർഹതയില്ല എന്ന് കാണുന്നു. അപേക്ഷ നിരസിച്ചു.

..................................................................................................................................

..................................................................................................................................

*ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ*

---

* ആവശ്യമില്ലാത്തത് വെട്ടിക്കളയുക.

| |
|---|
| കോഴ്സ്.................................. |
| വർഷം.................................. |

## കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി 2010

ഫോറം നമ്പർ 9

[ഖണ്ഡിക 15 (7) കാണുക]

## വിദ്യാഭ്യാസ ഗ്രാന്റിനുള്ള അപേക്ഷ

1. അപേക്ഷകനായ/അപേക്ഷകയായ അംഗത്തിന്റെ പേരും മേൽവിലാസവും :

2. ഭാര്യയുടെ/ഭർത്താവിന്റെ പേര് :

3. (1) അംഗത്വ നമ്പർ :
   (2) അംഗത്വം പ്രാബല്യത്തിൽ വന്ന തീയതി :
   (3) അവസാനമായി അംഗത്വഫീസ് അടച്ച തീയതിയും ഏത് വർഷത്തേക്കെന്നും :

4. ഭാര്യ/ഭർത്താവ് ഏതെങ്കിലും ക്ഷേമനിധി അംഗമാണോ, ആണെങ്കിൽ വിശദവിവരങ്ങൾ നൽകുക :

5. വിദ്യാർത്ഥി/വിദ്യാർത്ഥിനിയുടെ പേരും അപേക്ഷകനുമായുള്ള ബന്ധവും (മകൻ/മകൾ) :

6. വിദ്യാഭ്യാസ ഗ്രാന്റ് അനുവദിക്കേണ്ട കോഴ്സിന്റെ പേര്
   (1) പ്രവേശനം ലഭിച്ച കോഴ്സിന്റെ പേര് :
   (2) പ്രവേശനം ലഭിച്ച തീയതി, ക്ലാസ് ആരംഭിച്ച തീയതി :
   (3) കോഴ്സിന്റെ ദൈർഘ്യം :
   (4) പ്രവേശനം ലഭിച്ച വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേരും വിലാസവും :
   (5) കേരള സർക്കാർ/കേരളത്തിലെ യൂണിവേഴ്സിറ്റി അംഗീകരിച്ച/ യൂണിവേഴ്സിറ്റിയിൽ അഫിലിയേഷൻ ലഭിച്ച സ്ഥാപനമാണോ ? :
   (6) സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനമാണോ ? :

7. (1) പ്രവേശനത്തിന് നിശ്ചയിച്ച കുറഞ്ഞ യോഗ്യത :

(2) യോഗ്യത പരീക്ഷയ്ക്ക് ലഭിച്ച മാർക്ക്/ ഗ്രേഡ് വിവരം (സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയിരിക്കണം) :

8. മറ്റേതെങ്കിലും പദ്ധതി പ്രകാരം വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദവിവരം നൽകണം :

9. ഫീസ് നൽകിയുള്ള പഠനമാണെങ്കിൽ പ്രതിവർഷ ട്യൂഷൻ ഫീസ് :

10. ഈ ആനുകൂല്യത്തിന് അംഗത്തിന്റെ ഭാര്യ/ ഭർത്താവ് വേറെ അപേക്ഷ നൽകിയിട്ടുണ്ടോ? :

## സത്യപ്രസ്താവന

മുകളിൽ കാണിച്ച വിവരങ്ങൾ ഞങ്ങളുടെ അറിവിൽപ്പെട്ടിടത്തോളം സത്യവും ഉത്തമവിശ്വാസത്തോടുകൂടിയുള്ളതുമാണ് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി : *വിദ്യാർത്ഥി/വിദ്യാർത്ഥിനിയുടെ ഒപ്പ്* *അംഗത്തിന്റെ ഒപ്പ്*

## കോഴ്സ് സർട്ടിഫിക്കറ്റ്

ശ്രീ/ശ്രീമതി..................................................S/o / D/o.................................... ഈ സ്ഥാപനത്തിൽ.................................................... അദ്ധ്യയനവർഷത്തേക്ക് ...........................കോഴ്സിന് പ്രവേശനം ലഭിച്ച് പഠനം തുടർന്നുവരുന്ന വിദ്യാർത്ഥി/ വിദ്യാർത്ഥിനിയാണെന്നും ടിയാന്/ടിയാൾക്ക് പ്രവേശനം ലഭിച്ച തീയതി........................ ആണെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം :

തീയതി : (സീൽ) *പ്രിൻസിപ്പലിന്റെ ഒപ്പും പേരും.*

## ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ റിപ്പോർട്ട്

നമ്പർ: തീയതി :

അപേക്ഷ ഓഫീസിൽ ലഭിച്ചത്..................................ന് ആണ്.

അപേക്ഷകനായ/അപേക്ഷകയായ ശ്രീ/ശ്രീമതി.............................................................. എന്നയാൾ അംഗത്വമെടുത്തത്...............................തീയതി മുതൽക്കാണെന്നും ടിയാന്റെ/ടിയാളുടെ അംഗത്വഫീസ്...........................മുതൽ..............................വരെ അടച്ചിട്ടുണ്ടെന്നും അപേക്ഷയിൽ കാണിച്ച വിവരങ്ങൾ പരിശോധിച്ചതിൽ മുഴുവൻ/ഭാഗികമായി ശരിയാണെന്നും/* താഴെ കാണിച്ച വിവരങ്ങൾ തെറ്റാണെന്നും അറിയിച്ചുകൊള്ളുന്നു.

തെറ്റായ വിവരങ്ങൾ...........................................................................................

അപേക്ഷ സ്വീകരിക്കാവുന്നതാണ്/താഴെ പറയുന്ന കാരണങ്ങളാൽ നിരസിക്കാവുന്നതാണ്.

*ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ*

(ഓഫീസ് സീൽ)

## ചീഫ് എക്സിക്യൂട്ടീവ് ഓഫീസ് ആവശ്യത്തിന്

നമ്പർ: തീയതി :

അപേക്ഷകന്/അപേക്ഷകയ്ക്ക്................................രൂപ ഗ്രാന്റ് അനുവദിച്ചു/ *അപേക്ഷ താഴെപ്പറയുന്ന കാരണത്താൽ നിരസിച്ചു.

...........................................................................................................

...........................................................................................................

*ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ*

---

* ആവശ്യമില്ലാത്തത് വെട്ടിക്കളയുക.

കോഴ്സ്.............................

വർഷം..............................

## കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി 2010

ഫോറം നമ്പർ 10

[ഖണ്ഡിക 15 (8) കാണുക]

## വിദ്യാഭ്യാസ ഗ്രാന്റ് പുതുക്കുന്നതിനുള്ള അപേക്ഷ

1. അപേക്ഷകന്റെ/അപേക്ഷകയുടെ പേരും മേൽവിലാസവും :
2. അംഗത്വ നമ്പർ :
3. ഗ്രാന്റിനർഹതപ്പെട്ട വിദ്യാർത്ഥി/ വിദ്യാർത്ഥിനിയുടെ പേരും അംഗവുമായുള്ള ബന്ധവും :
4. ഗ്രാന്റ് അനുവദിച്ചിട്ടുള്ള കോഴ്സിന്റെ പേര് :
5. ഗ്രാന്റ് പുതുക്കുന്നത് ഏത് വർഷത്തേക്ക് എന്നും എത്രാമത്തെ വർഷമാണെന്നും (2-ാം വർഷം, 3-ാം വർഷം, 4-ാം വർഷം എന്നിങ്ങനെ കാണിക്കുക) :
6. ഒന്നാംവർഷ കോഴ്സിനുള്ള ഗ്രാന്റ് അനുവദിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ ഉത്തരവ് നമ്പരും തീയതിയും കാണിക്കുക :
7. അപേക്ഷിക്കുന്ന വർഷത്തെ കോഴ്സിനുള്ള ക്ലാസ് ആരംഭിച്ച തീയതി :
8. പഠിക്കുന്ന സ്ഥാപനത്തിന്റെ പേരും വിലാസവും :

### സത്യപ്രസ്താവന

മുകളിൽ കാണിച്ചിട്ടുള്ള മുഴുവൻ വിവരങ്ങളും സത്യവും എന്റെ ഉത്തമവിശ്വാസത്തോടുകൂടിയതുമാണ് എന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം :

തീയതി : *വിദ്യാർത്ഥി/വിദ്യാർത്ഥിനിയുടെ ഒപ്പ്* *അപേക്ഷകന്റെ/അപേക്ഷകയുടെ ഒപ്പ്*

## കോഴ്സ് സർട്ടിഫിക്കറ്റ്

ശ്രീ/ശ്രീമതി..........................................S/o / D/o..........................................എന്നയാൾ ഈ സ്ഥാപനത്തിൽ..........................അദ്ധ്യയനവർഷം..................................കോഴ്സിന് ..............-ാംവർഷ വിദ്യാർത്ഥി/വിദ്യാർത്ഥിനിയായി പഠനം തുടർന്നുവരുന്ന ആൾ ആണെന്നും ഈ അദ്ധ്യയനവർഷം ക്ലാസ് ആരംഭിച്ചത്.........................തീയതി മുതൽ ക്കാണെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം :

തീയതി : (സ്ഥാപനത്തിന്റെ സീൽ) *പ്രിൻസിപ്പലിന്റെ ഒപ്പും പേരും*

## ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ റിപ്പോർട്ട്

നമ്പർ: തീയതി :

അപേക്ഷ ഓഫീസിൽ ലഭിച്ചത്..........................................ന് ആണ്. അംഗത്വഫീസ് ...........................വർഷം വരെ അടച്ചിട്ടുണ്ട്. കഴിഞ്ഞവർഷം ഗ്രാന്റ് അനുവദിച്ചതായി കാണുന്നു/കാണുന്നില്ല. ഗ്രാന്റ് പുതുക്കി നൽകാവുന്നതാണ്/*ഗ്രാന്റ് താഴെ പറയുന്ന കാരണത്താൽ പുതുക്കി നൽകാവുന്നതല്ല.

(ഓഫീസ് സീൽ) *ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ*

## ചീഫ് എക്സിക്യൂട്ടീവ് ഓഫീസ് ആവശ്യത്തിന്

നമ്പർ: തീയതി :

ശ്രീ/ശ്രീമതി..........................................................................എന്നയാളുടെ മകന്റെ/മകളുടെ വിദ്യാഭ്യാസ ഗ്രാന്റ്.......................................വർഷത്തേക്ക് പുതുക്കി..................................രൂപ അനുവദിച്ചു/*താഴെ കാണിച്ചിരിക്കുന്ന കാരണത്താൽ അപേക്ഷ നിരസിച്ചു.

..........................................................................................................................

..........................................................................................................................

*ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.*

* ആവശ്യമില്ലാത്തത് വെട്ടിക്കളയുക.

©
Government of Kerala
കേരള സർക്കാർ
2010

Reg No രജി നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്

## EXTRAORDINARY
## അസാധാരണം

## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LV<br>വാല്യം 55 | Thiruvananthapuram, Friday<br>തിരുവനന്തപുരം, വെള്ളി | 27th August 2010<br>2010 ആഗസ്റ്റ് 27<br>5th Bhadra 1932<br>1932 ഭാദ്രം 5 | No.<br>നമ്പർ 1979 |

## കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

### വിജ്ഞാപനം

ജി ഒ (എംഎസ്) നമ്പർ 102/2010/തൊഴിൽ *തിരുവനന്തപുരം, 2010 ആഗസ്റ്റ് 26*

കേരള സംസ്ഥാനത്തിനകത്ത് ജോലി ചെയ്തുവരുന്ന അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് വേണ്ടി 29-3-2010-ലെ ജി ഒ (എംഎസ്) നമ്പർ 46/10/തൊഴിൽ എന്ന വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 2010 മാർച്ച് 29-ലെ 770-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതുമായ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി, അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കും അവരുടെ കുടുംബത്തിനും കൂടുതൽ പ്രയോജനകരമായി നടപ്പിലാക്കുന്നതിനുവേണ്ടി താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത് —

### ഭേദഗതി

2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിലെ,—

1 2-ാം ഖണ്ഡികയിലെ (എച്ച്) ഉപഖണ്ഡികയിൽ (ii)-ാം ഖണ്ഡത്തിൽ,—

(i) "എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് പദ്ധതി, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതി എന്നിവയുടെ പരിധിയിൽ വരുന്നവരും" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്

33/3457/2010/DTP

(ii) (iii)-ാം ഖണ്ഡത്തിലെ "7500" എന്ന അക്കത്തിനു പകരം "10,000" എന്ന അക്കം ചേർക്കേണ്ടതാണ്,

2 4-ാം ഖണ്ഡികയിൽ നിലവിലുള്ള (4), (5) ഉപഖണ്ഡികകൾ യഥാക്രമം (5), (6) ഉപഖണ്ഡികകളായി പുനരക്കം ചെയ്യേണ്ടതും അപ്രകാരം പുനരക്കം ചെയ്യപ്പെട്ട (5)-ാം ഉപഖണ്ഡികയ്ക്ക് മുമ്പായി താഴെ പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതുമാണ്, അതായത് —

"(4) കോർപ്പസ് ഫണ്ടും പ്രത്യേക പ്രവർത്തന ഫണ്ടും നിധിയിലേക്കുള്ള വരുമാനം സമാഹരിക്കുന്നതിനായി 2009-10 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പ്രകാരം പത്ത് കോടി രൂപ നിധിയിലേക്കുള്ള സർക്കാരിന്റെ പ്രാരംഭ ധനസഹായമായി ബോർഡിന് അനുവദിക്കുന്നതാണ് ഈ തുകയിൽ ഒരു കോടി രൂപ പ്രവർത്തന ഫണ്ട് ആയി പദ്ധതി വ്യവസ്ഥ പ്രകാരവും, ബോർഡ് നിശ്ചയിക്കുന്ന രീതിയിലും ഒൻപത് കോടി രൂപ കോർപ്പസ് ഫണ്ട് ആയി സർക്കാരിന്റെ അനുമതിയോടെ ഏതെങ്കിലും സർക്കാർ ട്രഷറിയിലോ, ദേശസാൽകൃത ബാങ്കിലോ, ഷെഡ്യൂൾഡ്/കമേഴ്സ്യൽ ബാങ്കിലോ, സഹകരണ ബാങ്കിലോ നിക്ഷേപിക്കേണ്ടതാണ് നിശ്ചിത കാലാവധിക്കു ശേഷം ബോർഡിന് കോർപ്പസ് ഫണ്ട് സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകുന്നതിന് വിനിയോഗിക്കുകയോ, പുനഃനിക്ഷേപം നടത്തുകയോ ചെയ്യാവുന്നതാണ്"

3 6-ാം ഖണ്ഡികയ്ക്കുശേഷം താഴെ പറയുന്ന ഖണ്ഡിക കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് —

"6 എ ഉപദേശക സമിതി — (1) പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് വേണ്ടി ബോർഡിനും സർക്കാരിനും ആവശ്യമായ ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനും കുടിയേറ്റ തൊഴിലാളികളുടെ വിവരശേഖരണം നടത്തുന്നതിനും മറ്റുമായി ഒരു ഉപദേശക സമിതിയെ സർക്കാരിന് നിയമിക്കാവുന്നതാണ്

(2) ഉപഖണ്ഡിക (1) പ്രകാരമുള്ള ഉപദേശക സമിതിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്

(എ) സംസ്ഥാന ലേബർ കമ്മീഷണർ —ചെയർമാൻ

(ബി) ചെയർമാൻ, കേരള ബിൽഡിംഗ്സ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്—അംഗം

(സി) സർക്കാർ നിശ്ചയിക്കുന്ന ട്രേഡ് യൂണിയൻ പ്രതിനിധികളായ ആറു പേർ

(ഡി) സർക്കാർ നിശ്ചയിക്കുന്ന കേരള സംസ്ഥാന വ്യവസായ ബന്ധ സമിതിയിലെ രണ്ടു തൊഴിലുടമാപ്രതിനിധികൾ

(ഇ) പദ്ധതിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ—സമിതിയുടെ സെക്രട്ടറി"

(3) ഉപദേശക സമിതി ഉചിതമായ കാലയളവിൽ, എന്നാൽ ആറ് മാസത്തിലൊരിക്കലെങ്കിലും യോഗം ചേർന്നിരിക്കേണ്ടതും പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പ്രവർത്തനം വിലയിരുത്തേണ്ടതുമാണ് ഉപദേശക സമിതിയുടെ പ്രവർത്തനത്തിന് ആവശ്യമായ വിവരങ്ങളും സഹായങ്ങളും ബോർഡ് നൽകേണ്ടതാണ്

(4) ഉപദേശക സമിതി അംഗങ്ങളുടെ യാത്രാബത്തയും മറ്റ് അലവൻസുകളും സർക്കാർ നിശ്ചയിക്കുന്ന പ്രകാരമായിരിക്കും

(5) ഉപദേശക സമിതിയുടെ പ്രവർത്തനത്തിനുള്ള ചെലവ് വേബർ കമ്മീഷണർക്ക് സർക്കാർ അനുവദിക്കുന്ന ബന്ധപ്പെട്ട ശീർഷകത്തിൽനിന്നും വഹിക്കുന്നതാണ്

(6) സർക്കാർ അതാതുകാലത്ത് നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾക്ക് പുറമേ ഉപദേശക സമിതി താഴെ പറയുന്ന ചുമതലകളും നിർവ്വഹിക്കേണ്ടതാണ്.

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് വന്നിട്ടുള്ള കുടിയേറ്റ തൊഴിലാളികളെ സംബന്ധിച്ച സമഗ്രമായ കണക്കെടുപ്പ് നടത്തി സർക്കാരിന് റിപ്പോർട്ട് നൽകുക

(ബി) പദ്ധതിയിൽ അംഗത്വം പ്രോത്സാഹിപ്പിക്കുവാനും പദ്ധതി ആനുകൂല്യങ്ങൾ അർഹരായവർ യഥാസമയം കൈപ്പറ്റുവാനും വേണ്ടി പദ്ധതി സംബന്ധിച്ച് ബോധവൽക്കരണം നടത്തുക

(സി) പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ഉചിതമെന്ന് കരുതുന്ന നടപടി ക്രമങ്ങൾ സംബന്ധിച്ച ഉപദേശം സർക്കാരിനും ബോർഡിനും നൽകുക

(ഡി) പദ്ധതി നടത്തിപ്പിന് ഉചിതമെന്ന് കരുതുന്നതോ, പദ്ധതി വിപുലപ്പെടുത്തുന്നതിനോ, ആനുകൂല്യങ്ങളിൽ മാറ്റം വരുത്തുന്നതിനോ ഉള്ള ഭേദഗതി ശുപാർശ സർക്കാരിന് സമർപ്പിക്കുക

(ഇ) പദ്ധതി വ്യവസ്ഥകൾ ദുരുപയോഗം ചെയ്യുന്നത് തടയുവാനുള്ള നടപടികൾ സംബന്ധിച്ച ശുപാർശ സർക്കാരിനും ബോർഡിനും നൽകുക."

4 (i) 10-ാം ഖണ്ഡികയിൽ (1)-ാം ഉപഖണ്ഡികയിൽ "50,000 രൂപ (അൻപതിനായിരം രൂപ)" എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും പകരം "10,000 രൂപ (പതിനായിരം രൂപ)" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്

(ii) (1)-ാം ഖണ്ഡികയുടെ (എ) ഖണ്ഡത്തിന് മുമ്പായി താഴെ പറയുന്ന ക്ളിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്.—

"എന്നാൽ ജോലിക്കിടയിൽ സംഭവിക്കുന്ന അപകടംമൂലമാണ് മരണമടയുന്നതെങ്കിൽ ധനസഹായം 50,000 രൂപ (അൻപതിനായിരം രൂപ) ആയിരിക്കുന്നതാണ്"

5 11-ാം ഖണ്ഡികയുടെ (1)-ാം ഉപഖണ്ഡികയിൽ "10,000 രൂപ (പതിനായിരം രൂപ)" എന്നീ അക്കത്തിനും വാക്കുകൾക്കും പകരം "25,000 രൂപ (ഇരുപത്തയ്യായിരം രൂപ)" എന്നീ അക്കവും വാക്കുകളും ചേർക്കേണ്ടതാണ്

6 (i) 12-ാം ഖണ്ഡികയിൽ, (1)-ാം ഉപഖണ്ഡികയിലെ "10,000 രൂപ (പതിനായിരം രൂപ)" എന്നീ അക്കത്തിനും വാക്കുകൾക്കും പകരം "25,000 രൂപ (ഇരുപത്തയ്യായിരം രൂപ)" എന്നീ അക്കവും വാക്കുകളും ചേർക്കേണ്ടതാണ്

(ii) (5)-ാം ഉപഖണ്ഡികയിലെ "50 രൂപ" എന്ന അക്കത്തിനും വാക്കിനും പകരം "100 രൂപ (നൂറു രൂപ)" എന്നീ അക്കവും വാക്കുകളും ചേർക്കേണ്ടതാണ്

7 13-ാം ഖണ്ഡികയുടെ (1)-ാം ഉപഖണ്ഡികയിൽ "അഞ്ച് വർഷത്തിൽ" എന്ന വാക്കുകൾക്ക് പകരം "മൂന്ന് വർഷത്തിൽ" എന്നും "5,000 (അയ്യായിരം)", "15,000 (പതിനയ്യായിരം)" എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും പകരം യഥാക്രമം "10,000 (പതിനായിരം)", "25,000 (ഇരുപത്തി അയ്യായിരം)" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്

8 11-ാം ഖണ്ഡികയുടെ (2)-ാം ഉപഖണ്ഡികയിൽ (i), (ii), (iii), (iv) ഇനങ്ങൾക്കുനേരെ പരമാവധി തുക എന്ന ശീർഷകത്തിനുകീഴിൽ ചേർത്തിട്ടുള്ള അക്കങ്ങൾക്കും വാക്കുകൾക്കും പകരം യഥാക്രമം "5,000 രൂപ, 7,500 രൂപ, 10,000 രൂപ, 15,000 രൂപ" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്

9 (i) 15-ാം ഖണ്ഡികയിലെ (ii)-ാം ഉപഖണ്ഡികയിൽ "ഒരംഗത്തിന്റെ രണ്ടു മക്കളിൽ കൂടുതൽ പേർക്ക് ഗ്രാന്റിന് അർഹത ഉണ്ടായിരിക്കുന്നതല്ല" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്

(ii) (iii)-ാം ഉപഖണ്ഡികയിൽ "400", "500", "750", "1,500" എന്നീ അക്കങ്ങൾക്കു പകരം യഥാക്രമം "1,000", "1,000", "1,500", "3,000" എന്നീ അക്കങ്ങൾ ചേർക്കേണ്ടതാണ്

10 20-ാം ഖണ്ഡികയിൽ "സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റും അംഗങ്ങളിൽ നിന്നും ലഭിക്കുന്ന വാർഷിക അംശദായവും" എന്ന വാക്കുകൾക്ക് പകരം "സർക്കാരിൽ നിന്ന് ലഭിക്കുന്ന കോർപ്പസ് ഫണ്ട് ഒഴികെയുള്ള ഗ്രാന്റ് തുകയും മറ്റ് ധനസഹായ തുകയും കോർപ്പസ് ഫണ്ടിന്റെ പലിശയുൾപ്പെടെയുള്ള എല്ലാ പലിശയും ബോർഡിന്റെയും സർക്കാരിന്റെയും അംശദായ തുകയും അംഗങ്ങളിൽ നിന്ന് ലഭിക്കുന്ന അംശദായ തുകയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ബി. വത്സലകുമാരി,
*ഗവൺമെന്റ് സെക്രട്ടറി*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് )

അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വന്നു ജോലി ചെയ്യുന്ന കുടിയേറ്റ തൊഴിലാളികൾക്ക് വേണ്ടിയുള്ള 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി, കുടിയേറ്റ തൊഴിലാളികൾക്കും അവരുടെ കുടുംബത്തിനും കൂടുതൽ പ്രയോജനകരമായ രീതിയിൽ വിവിധ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചും വിരവ സമാഹരണം ഉറപ്പുവരുത്തിയും കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി പദ്ധതി ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS THIRUVANANTHAPURAM 2010

©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2019 ജനുവരി 22<br>22nd January 2019<br>1194 മകരം 8<br>8th Makaram 1194<br>1940 മാഘം 2<br>2nd Magha 1940 | നമ്പർ<br>No. | 153 |


06 FEB 2019

## കേരള സർക്കാർ

### തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

### വിജ്ഞാപനം

നമ്പർ സ.ഉ. (കൈ)4/2019/തൊഴിൽ. *തിരുവനന്തപുരം, 2019 ജനുവരി 18 / 1194 മകരം 4.*

കേരള സംസ്ഥാനത്തിനകത്ത് ജോലി ചെയ്തുവരുന്ന ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് വേണ്ടി കേരള സർക്കാർ 2010 മാർച്ച് 29-ാം തീയതിയിലെ സർക്കാർ ഉത്തരവ് (എംഎസ്.) 46/2010/തൊഴിൽ എന്ന വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 2010 മാർച്ച് 29-ാം തീയതിയിലെ 770-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതും 2010 ആഗസ്റ്റ് 20-ാം തീയതിയിലെ സ. ഉ. (എംഎസ്.) 102/10/തൊഴിൽ എന്ന വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 2010 ആഗസ്റ്റ് 27-ാം തീയതിയിലെ 1979-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതുമായ

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2019.

92/219/2019/S-24.

വിജ്ഞാപനപ്രകാരം ഭേദഗതി ചെയ്യപ്പെട്ടതുമായ, 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി, പ്രസ്തുത പദ്ധതിയിലെ ഖണ്ഡിക 26-ൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത്:—

## പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2018-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.—2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ,—

1. 10-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയിൽ "അംഗത്വം നിലവിലിരിക്കെ ഏതെങ്കിലും ഒരംഗം മരണമടയുന്നപക്ഷം" എന്ന വാക്കിന് പകരം "കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും സംസ്ഥാനത്തിനകത്തുവച്ച് ഏതെങ്കിലും ഇതര സംസ്ഥാന തൊഴിലാളി മരണമടയുന്നപക്ഷം" എന്നും "10,000 രൂപ (പതിനായിരം രൂപ മാത്രം)" എന്നീ അക്കത്തിനും വാക്കുകൾക്കും പകരം "25,000 രൂപ (ഇരുപത്തയ്യായിരം രൂപ മാത്രം)" എന്നീ അക്കവും വാക്കുകളും ചേർക്കേണ്ടതാണ്.

2. 10-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയുടെ (എ) ഖണ്ഡത്തിന് മുമ്പായുള്ള ക്ലിപ്തനിബന്ധനയിലെ "50,000 (അൻപതിനായിരം രൂപ മാത്രം)" എന്നീ അക്കത്തിനും വാക്കുകൾക്കും പകരം "2,00,000 (രണ്ട് ലക്ഷം രൂപ മാത്രം)" എന്നീ അക്കവും വാക്കുകളും ചേർക്കേണ്ടതാണ്.

3. 10-ാം ഖണ്ഡികയിലെ (6)-ാം ഉപഖണ്ഡികയ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡിക കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(7) ഈ ആനുകൂല്യം ആവാസ് പദ്ധതിയിൻകീഴിൽ മരണാനന്തര ധനസഹായം ലഭ്യമായവർക്ക് ബാധകമല്ല".

4. 10-ാം ഖണ്ഡികയിലെ (7)-ാം ഉപഖണ്ഡികയ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡിക കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്.—

"10 (എ) മേൽ ഖണ്ഡികയിൽ എന്തുതന്നെ പറഞ്ഞിരുന്നാലും, കേരള സംസ്ഥാനത്തിനകത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കെ മരണമടയുന്ന ഏതൊരു കുടിയേറ്റ തൊഴിലാളിക്കും, ഈ പദ്ധതിയിൽ അംഗമല്ലെന്നിരിക്കിലും അപ്രകാരമുള്ള മരണത്തെ സംബന്ധിച്ചുള്ള എഫ്. ഐ. ആർ., പോസ്റ്റ് മോർട്ടം റിപ്പോർട്ട്, ജില്ലാ ലേബർ ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ മേൽഖണ്ഡികയിൽ പ്രതിപാദിക്കുന്ന ധനസഹായം അനുവദിക്കാൻ ലേബർ കമ്മീഷണർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. കുടിയേറ്റത്തൊഴിലാളിയുടെ ബന്ധുക്കളുടെയോ മറ്റാരുടേയെങ്കിലുമോ അപേക്ഷയിലോ അല്ലെങ്കിൽ സ്വമേധയാ തന്നെയോ ജില്ലാ ലേബർ ഓഫീസർക്ക് അപ്രകാരമൊരു റിപ്പോർട്ട് നൽകാവുന്നതാണ്. മേൽപ്പറഞ്ഞ പ്രകാരമുള്ള ലേബർ കമ്മീഷണറുടെ ഉത്തരവ് ലഭിച്ചാലുടൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ധനസഹായ തുക ചെക്ക്/ഡി. ഡി. ആയി ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർക്ക് നൽകേണ്ടതും മേൽ ഖണ്ഡികയിൽ പരാമർശിക്കുന്ന മുൻഗണനാക്രമത്തിൽ ജില്ലാ ലേബർ ഓഫീസർ തുക വിതരണം ചെയ്യേണ്ടതുമാണ്".

5. 12-ാം ഖണ്ഡികയിലെ (5)-ാം ഉപഖണ്ഡികയ്ക്ക് പകരം താഴെ പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്.

(5) ആശുപത്രിയിൽ കിടത്തി ചികിത്സ—"അപകടത്തെത്തുടർന്ന് ഇൻപേഷ്യന്റായോ പ്ലാസ്റ്റർ ഇട്ട് ഔട്ട്പേഷ്യന്റായോ സർക്കാർ ആശുപത്രിയിലോ ബോർഡ് അംഗീകരിച്ച സ്വകാര്യ സഹകരണ ആശുപത്രികളിലോ അഞ്ചോ അതിൽ കൂടുതലോ ദിവസം ചികിത്സ നടത്തുന്ന തൊഴിലാളിക്ക് ആദ്യ 5 ദിവസത്തിന് 500 രൂപയും തുടർന്നുള്ള ഓരോ ദിവസത്തേക്കും 100 രൂപ വീതം പരമാവധി 20,000 രൂപയും അപകട ചികിത്സാധനസഹായമായി ലഭിക്കുന്നതാണ്. ഈ ആനുകൂല്യം ആവാസ് പദ്ധതിയിൻകീഴിൽ ചികിത്സാ ധനസഹായം ലഭ്യമായവർക്ക് ബാധകമല്ല".

6. 13-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയിൽ "10,000 (പതിനായിരം)", "25,000 (ഇരുപത്തി അയ്യായിരം)" എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും പകരം യഥാക്രമം "25,000 (ഇരുപത്തി അയ്യായിരം)", "50,000 (അൻപതിനായിരം)" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

7. 14-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയിൽ "പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന അംഗത്തിന്റെ" എന്നീ വാക്കുകൾക്കു പകരം "സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളിയുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും)" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

8. 14-ാം ഖണ്ഡികയുടെ (2)-ാം ഉപഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:—

(2) ഉപഖണ്ഡിക (1) പ്രകാരമുള്ള ധനസഹായം ഭൗതികശരീരം എംബാം ചെയ്ത് സ്വദേശത്തേക്ക് എത്തിക്കുന്നതിന് യഥാർത്ഥത്തിൽ ചെലവായ തുകയോ അല്ലെങ്കിൽ പരമാവധി 50,000 (അൻപതിനായിരം) രൂപയോ ഏതാണോ കുറവ് അത് ആയിരിക്കുന്നതാണ്.

9. 14-ാം ഖണ്ഡികയിലെ (6), (7), (8) ഉപഖണ്ഡികകൾക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡികകൾ ചേർക്കേണ്ടതാണ്.

(6) സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേക്കു കൊണ്ടു പോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതിനായി 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയുടെ ഫണ്ടിൽനിന്നും രണ്ട് ലക്ഷം രൂപ വീതം ഓരോ ജില്ലയിലേയും ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർമാർക്ക് (എൻഫോഴ്സ്മെന്റ്) നൽകേണ്ടതാണ്.

(7) മരണം സംബന്ധിച്ച പ്രഥമ വിവര റിപ്പോർട്ട്, പോസ്റ്റ്മോർട്ടം റിപ്പോർട്ട്, തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ് II) പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സമെന്റ്)-ന് തുക അനുവദിക്കാവുന്നതാണ്.

(8) തുക ചെലവഴിച്ച വിവരം, ഉടൻതന്നെ ലേബർ കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും, ലേബർ കമ്മീഷണർ അറിയിക്കുന്ന മുറയ്ക്ക് ജില്ലാ ലേബർ ഓഫീസർമാർക്ക് ഫണ്ട് റീകൂപ്പ് ചെയ്ത് നൽകുന്നതിന് കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് നടപടി സ്വീകരിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. ആഷ തോമസ്,
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്.

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വന്ന് ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് വേണ്ടിയുള്ള 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരമുള്ള മരണാനന്തര ധനസഹായം, ആശ്വാസ ധനസഹായം, ചികിത്സാധനസഹായം, ടെർമിനൽ ബെനിഫിറ്റ്, ഭൗതികശരീരം സ്വദേശത്തേക്ക് എത്തിക്കുന്നതിനുള്ള തുക മുതലായവയിൽ കാലാനുസൃതമായി വർദ്ധനവ് വരുത്തുവാനും മരണാനന്തര ധനസഹായം, അപകടമരണത്തിനുള്ള ധനസഹായം; ഭൗതികശരീരം സ്വദേശത്തേക്ക് എത്തിക്കുന്നതിനുള്ള സഹായം എന്നിവ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളല്ലാത്തവർക്കും നൽകുന്നതിനും ആയത് പ്രകാരം 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി ഭേദഗതികൾ ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

---

92/219/17

13921

OFFICE OF THE LABOUR COMMISSIONER THIRUVANANTHAPURAM-33
04 AUG 2016

**കേരള സർക്കാർ**
**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇതര സംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകളിലെ ശുചിത്വ/ താമസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് ഉറപ്പാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

സ.ഉ (സാധാ)നം. 960/2016/തൊഴിൽ തിരുവനന്തപുരം, തീയതി, 03.08.2016.

---

പരാമർശം:- 1) 1970-ലെ കരാർ തൊഴിലാളി (നിയന്ത്രണവും നിർമ്മാർജ്ജനവും) നിയമം – 1974-ലെ കേരളാ ചട്ടങ്ങളും.

2) അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥകളും) നിയമം– 1983-ലെ കേരളാ ചട്ടങ്ങളും.

3) 1996–ലെ നിർമ്മാണ തൊഴിലാളി (തൊഴിൽ നിയന്ത്രണവും സേവന വ്യവസ്ഥകളും) നിയമം–1998ലെ കേരളാ ചട്ടങ്ങളും

4) 29.06.2016-ലെ തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ കമ്മീഷണർക്ക് നൽകിയ 101/എ.സി.എസ്.എൽ & എസ്/2016 നമ്പർ കറിപ്പ്.

5) 07.07.2016, 25.07.2016 എന്നീ തീയതികളിലെ ലേബർ കമ്മീഷണറുടെ ജി (4) 2720/2015 നമ്പർ കത്തുകൾ.

## ഉത്തരവ്

ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ ശുചിത്വ നിലവാരം വളരെ പരിതാപകരമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പിലെ ജീവിത സൗകര്യവും ശുചിത്വവും ഉറപ്പുവരുത്തുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഒരു തൊഴിലുടമ/ കരാറുകാരൻ ഇതര സംസ്ഥാന തൊഴിലാളിയെ കുടുംബസമേതം പാർപ്പിക്കുന്നുവെങ്കിൽ ടി കുടുംബത്തിന് 10 ചതുരശ്ര മീറ്ററുള്ള ഒരു മുറിയും, വരാന്തയും, ഭക്ഷണം പാചകം ചെയ്യുന്നതിനുള്ള സ്ഥലവും, ശൗചാലയവും കുളിമുറിയും നൽകുക. എന്നാൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്ന സ്ഥലത്ത് മുകളിൽ പറഞ്ഞ രീതിയിൽ താമസ സൗകര്യം ഒരുക്കേണ്ടതും ഓരോ മൂന്ന് കുടുംബങ്ങൾക്കുമായി ഒരു ശൗചാലയവും ഒരു കുളിമുറിയും എങ്കിലും നൽകേണ്ടതുമാണ്. ശൗചാലയങ്ങളിൽ ആവശ്യത്തിന് വെള്ളവും വെളിച്ചവും സ്വകാര്യതയും ലഭ്യമാക്കണം. (അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ചട്ടം 44(i)).
2. കുടുംബസമേതമല്ലാതെ താമസിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഓരോ പത്ത് തൊഴിലാളികൾക്കും വരാന്തയോട് കൂടിയ വൃത്തിയും വായുസഞ്ചാരവും വെളിച്ചവും വൈദ്യുതീകരിച്ചതുമായ കുറഞ്ഞത് 6.5 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള മുറി തൊഴിലുടമ നല്കേണ്ടതാണ്. ഇതോടൊപ്പം പാചകം ചെയ്യാനുള്ള സൗകര്യം നല്കേണ്ടതാണ്. ഇവർക്ക് പൊതു ശൗചാലയവും കുളിമുറിയും സൗകര്യം നല്കേണ്ടതാണ്. (അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ചട്ടം 44(ii)).

3. തൊഴിൽശാലകളിൽ തൊഴിലെടുക്കുന്ന ഓരോ 25 തൊഴിലാളികൾക്കും വെള്ളം വെളിച്ചവും ശുചിത്വവുമുള്ള ഓരോ ശൗചാലയം ഉണ്ടായിരിക്കേണ്ടതാണ്. ശൗചാലയങ്ങൾക്ക് പ്രത്യേകം പ്രത്യേകം ഭിത്തി തിരിച്ച് അടച്ചുറപ്പുള്ള വാതിൽ ഉണ്ടായിരിക്കണം. (കരാർ തൊഴിലാളി ചട്ടം 51).
4. നൂറ് വരെ തൊഴിലാളികളുള്ള തൊഴിലിടങ്ങളിൽ ഓരോ 25 പേർക്കും ഒരു ശൗചാലയവും, അതിന് മുകളിൽ 500 വരെ തൊഴിലാളികൾക്കുള്ള ഇടങ്ങളിൽ 50 തൊഴിലാളികൾക്ക് മുകളിൽ പറഞ്ഞിരിക്കുന്നതുപോലെയുള്ള ഓരോ ശൗചാലയവും നല്കേണ്ടതാണ്. (കരാർ തൊഴിലാളി ചട്ടം 51).
5. സ്ത്രീ തൊഴിലാളികൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകം ശൗചാലയങ്ങൾ മുകളിൽ പറഞ്ഞിരിക്കുന്ന ക്രമത്തിൽ നല്കേണ്ടതും തൊഴിലാളികൾക്ക് മനസ്സിലാകുന്ന ഭാഷകളിൽ 'for women only' 'for men only' എന്ന് സൂചന നല്കേണ്ടതുമാണ്. (കരാർ തൊഴിലാളി ചട്ടം 53).
6. തൊഴിലാളികൾക്ക് താമസസ്ഥലത്തും ജോലി സ്ഥലങ്ങളിലും ആവശ്യമായ കുടിവെള്ളം ലഭ്യമായിരിക്കണം. (അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ചട്ടം 38).
7. നൂറോ അതിൽ കൂടുതലോ ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന തൊഴിൽ സ്ഥലങ്ങളിൽ കാന്റീൻ സൗകര്യം ലഭ്യമാക്കേണ്ടതാണ്. കാന്റീനിൽ ഡൈനിങ് ഹാൾ, കിച്ചൻ, സ്റ്റോർ റൂം, പാൻട്രി, വാഷിംഗ് സൗകര്യം എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. (അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ചട്ടം 40).
8. ഇരുപതോ അതിൽ കൂടുതലോ സ്ത്രീകളായ അന്യസംസ്ഥാന തൊഴിലാളികളെ ജോലിക്ക് നിയമിച്ചിട്ടുള്ള തൊഴിലിടങ്ങളിൽ അവരുടെ കുട്ടികൾക്കായി ക്രഷ് സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്. ഇവിടെ കുട്ടികളുടെ കളിസ്ഥലമായി ഒരു മുറിയും കുട്ടികൾക്ക് കിടപ്പ്മുറി ആയി ഒരു മുറിയും പ്രത്യേകം ഉണ്ടായിരിക്കേണ്ടതാണ്. കളിസ്ഥലമായി ഉപയോഗിക്കുന്ന മുറിയിൽ ആവശ്യാനുസരണം കളിക്കോപ്പുകളും കിടപ്പുമുറിയിൽ ആയതിനുള്ള സൗകര്യങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. (അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ചട്ടം).
9. താമസസ്ഥലത്തും പരിസരത്തും അപകടകരമായ രീതിയിൽ നിർമ്മാണ സാമഗ്രികൾ കൂട്ടിയിടാൻ പാടില്ല. (നിർമ്മാണ തൊഴിലാളി ചട്ടം 49).

മുകളിൽ നിർദ്ദേശിച്ചിരിക്കുന്ന സൗകര്യങ്ങൾ ഉറപ്പുവരുത്താത്ത പക്ഷം ലേബർ കമ്മീഷണർ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ സർക്കാർ ഉത്തരവിന്റെ ഇംഗ്ലീഷ് പരിഭാഷ ഉടൻ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ടോം ജോസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (പ്രസിദ്ധീകരണത്തിന്)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ആവാസ്) - ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

സ.ഉ (സാധാ)നം. 1325 /2016/തൊഴിൽ  തിരുവനന്തപുരം, തീയതി, 27.10.16.

---

പരാമർശം:- 1. ലേബർ കമ്മീഷണറുടെ 05.07.2016-ലെ ജി(4) 11577/2016 നമ്പർ കത്ത്.

2. 30/08/16 ൽ സ്റ്റേറ്റ് ഇ. ഗവേർണൻസ് മിഷൻ ടീം സമർപ്പിച്ച പദ്ധതിരേഖ.

3. 30/8/16-ൽ തൊഴിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ആരോഗ്യ പരിരക്ഷയും ഉറപ്പുവരുത്തുന്നത് ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുമെന്ന് 24/06/16 ലെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമാക്കുകയുണ്ടായി. ആയതിൻ പ്രകാരം 'ആവാസ്' പദ്ധതിനടപ്പിലാക്കുന്നതിനായുള്ള കർമ്മപദ്ധതിയും രൂപരേഖയും പരാമർശം (1) പ്രകാരം ലേബർ കമ്മീഷണർ സർക്കാരിന് ലഭ്യമാക്കുകയുണ്ടായി.

ലേബർ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ ബന്ധപ്പെട്ട വിവിധ വകുപ്പുകൾ, ഐ.റ്റി. മിഷൻ എന്നിവരുമായി ചേർന്ന് വിശദമായി പരിശോധിച്ചു.സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ആരോഗ്യ പരിരക്ഷയും ഉറപ്പുവരുത്തുന്നത് ലക്ഷ്യമിട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 'ആവാസ്' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, ഭരണനിർവഹണം തുടങ്ങിയവ വ്യക്തമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ലക്ഷ്യം:-**

കേരളത്തിൽ ജോലി ചെയ്യുന്ന രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ പരിരക്ഷയും, സൗജന്യ ചികിത്സാ സഹായവും ടി സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ആരോഗ്യ പരിരക്ഷയും ഉറപ്പുവരുത്തുന്നത് ലക്ഷ്യമിട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 'ആവാസ്' പദ്ധതിയിലൂടെ തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും നൽകുന്നതാണ്.

**ലക്ഷ്യംവയ്ക്കുന്ന സമൂഹം:-**

ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികൾ.

**പ്രയോജനങ്ങൾ:-**

പദ്ധതിയിൽ അംഗമാകുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000/- രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രിയിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രിയിൽ നിന്നും ലഭ്യമാക്കുന്നതാണ്.ആരോഗ്യ ഇൻഷുറൻസിനൊപ്പം അപകട ഇൻഷുറൻസ് പരിരക്ഷ കൂടി ഉറപ്പ് വരുത്തുന്നതാണ്.

**ചികിത്സ:-**

പരിമിതികൾക്ക് വിധേയമായി പ്രതിവർഷം ഇതിലുൾപ്പെട്ട ഏത് ആശുപത്രിയിലും 15,000/- രൂപയുടെ വരെ ചെലവ് ഈ പദ്ധതിയിൻ കീഴിൽ വഹിക്കുന്നതാണ്.

**പരാതി പരിഹാരം:-**

പദ്ധതിയിൽ അംഗമാകുന്നവർക്കുണ്ടാകുന്ന പരാതി പരിഹാരത്തിനായി പരാതി പരിഹാരസെൽ (രണ്ട് തലത്തിൽ) ഉണ്ടായിരിക്കുന്നതാണ്. ഒന്നാം ഘട്ടത്തിൽ ജില്ലാ ലേബർ ഓഫീസർ (ഇ) തലത്തിൽ പരിഹാരം കാണാവുന്നതാണ്. ഇതിന്മേൽ അപ്പീൽ ഉണ്ടെങ്കിൽ, ലേബർ കമ്മീഷണർക്ക് അയയ്ക്കാവുന്നതും അന്തിമ പരിഹാരം കാണാവുന്നതുമാണ്.

**ഭരണ നിർവ്വഹണം:-**

ഗുണഭോക്താക്കളുടെ എൻറോൾമെന്റും തിരിച്ചറിയൽ കാർഡ് നൽകലും സംബന്ധിച്ച നിർദ്ദേശങ്ങളും പരിശോധന, നടത്തിപ്പ് തുടങ്ങിയ കാര്യങ്ങളും തൊഴിൽ വകുപ്പ് നിർവ്വഹിക്കുന്നതാണ്. പദ്ധതിയുടെ നേതൃത്വവും നടത്തിപ്പും ജില്ലാടിസ്ഥാനത്തിൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-മാർക്കാണ്.

**പ്രാവർത്തികമാക്കുന്ന രീതി:-**

1. ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 'ആവാസ്' പദ്ധതിക്കായി തൊഴിലാളികളുടെ വിവരശേഖരണം അത്യാവശ്യമാണ്. പദ്ധതി നടപ്പിലാക്കേണ്ട ഏജൻസി, ഉപയോഗിക്കേണ്ട സോഫ്റ്റ് വെയർ, ഇൻഷുറൻസ് കമ്പനി, പ്രീമിയം തുക, ഇൻഷുറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നിർമ്മാണം. പ്രിന്റിംഗ്,വിതരണം എന്നിവ നാഷണൽ കോമ്പെറ്റിറ്റീവ് ഓപ്പൺ ടെണ്ടർ മുഖേന നിശ്ചയിക്കുന്നതാണ്.

2. ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം തുടങ്ങി മറ്റ് വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടും മേൽ വിവരങ്ങൾ മറ്റ് വകുപ്പുകൾക്ക് പ്രാപ്യമാക്കുവാൻ കഴിയും വിധത്തിലുമുള്ള വിവിധോദ്ദേശ്യ

ഏകീകൃത ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡാണ് നൽകുന്നത്. ചിപ്പ് അധിഷ്ഠിതമായ തിരിച്ചറിയൽ കാർഡിൽ സവിശേഷ തിരിച്ചറിയൽ നമ്പർ, ക്യൂ.ആർ. കോഡ്, എന്നിവ ഉണ്ടായിരിക്കും.

3. തൊഴിലാളിയുടെ ഫോട്ടോഗ്രാഫ്, വിരലടയാളം, ഐറിസ് സ്കാൻ എന്നിവ ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡിൽ ഉണ്ടാകണം.

4. ആധാർ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്,തെരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡ് എന്നിവയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവരശേഖരണത്തിനായുള്ള തിരിച്ചറിയൽ നടത്തുന്നതാണ്.

5. പദ്ധതി നടപ്പിലാക്കേണ്ട ഏജൻസി, ഉപയോഗിക്കേണ്ട സോഫ്റ്റ് വെയർ, ഇൻഷ്വറൻസ് കമ്പനി, പ്രീമിയം തുക എന്നിവ നിശ്ചയിച്ചുകഴിഞ്ഞാൽ പ്രസ്തുത ഏജൻസി ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങി പാർക്കുന്ന സ്ഥലങ്ങളിൽ പോയി ഇൻഷ്വറൻസ് വിവരശേഖരണം നടത്തുന്നതും ആ സ്ഥലത്തു വച്ചു തന്നെ ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നൽകുന്നതുമാണ്.

6. സംസ്ഥാനതലത്തിൽ വീഡിയോ/ ആഡിയോ (പത്ര ദൃശ്യ മാധ്യമങ്ങൾ) വഴി ഇതര സംസ്ഥാന തൊഴിലാളികൾ കൂടുതൽ സഹകരിക്കാനിടയുള്ള സ്ഥലങ്ങളിൽ പദ്ധതിയെക്കുറിച്ചുള്ള പരസ്യപ്രചരണം/വിവരണം നടത്തേണ്ടതാണ്.ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിനും ഇൻഷ്വറൻസ് പദ്ധതിയെപ്പറ്റിയുള്ള ബോധവല്ക്കരണത്തിനും ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആഭ്യന്തര വകുപ്പ്, ആരോഗ്യ വകുപ്പ്, എന്നിവരുടെ സഹകരണം ഉറപ്പ് വരുത്തേണ്ടതാണ്.

7. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിലേക്കായി ജില്ലാടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ ലേബർ ഓഫീസർ (ഇ) കൺവീനർമാരായും ജില്ലാ മെഡിക്കൽ ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പോലീസ് മേധാവി എന്നിവരെ ഉൾക്കൊള്ളിച്ച് ഒരു കമ്മിറ്റിക്ക് രൂപം നൽകുന്നതാണ്.

8. കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്തുകളിൽ.വാർഡ് അടിസ്ഥാനത്തിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് തിരിച്ചറിയൽ കാർഡ് വിതരണ പുരോഗതിയ്ക്ക് മേൽനോട്ടം നൽകേണ്ടതാണ്.

9. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലാ ലേബർ ഓഫീസർമാർ മുൻകൈ എടുത്ത് എല്ലാ ജില്ലാ ഹെഡ്ക്വാർട്ടേഴ്സുകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതും ഫെസിലിറ്റേഷൻ സെന്ററിനെക്കുറിച്ചും അവയുമായി ബന്ധപ്പെടാനുള്ള മാർഗ്ഗങ്ങളെപ്പറ്റിയുമുള്ള പൂർണ്ണ വിവരങ്ങൾ വിവിധ ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പദ്ധതിയ്ക്കായി വേണ്ടിവരുന്ന ചെലവുകൾ 2016-17 സാമ്പത്തികവർഷത്തെ ആദ്യബഡ്ജറ്റിന്മേലുള്ള ഭേദഗതിപത്രികയിലെ "2230-01-103-52" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ടോം ജോസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽഅക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ആഭ്യന്തര വകുപ്പ്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂ വകുപ്പ്
ഡയറക്ടർ, ഐ.റ്റി. മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്) - ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കി പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

സ.ഉ (സാധാ)നം.274/2017/തൊഴിൽ തിരുവനന്തപുരം, തീയതി, 02..03.2017

---

പരാമർശം:- 1. 27.10.16 ലെ സ.ഉ (സാധാ)നം. 1325/2016/തൊഴിൽ നമ്പർ ഉത്തരവ് .
2. 21.01.2017 ലെ ലേബർ കമ്മീഷണറുടെ ജി.(4)11577/16 നമ്പർ കത്ത്.

**ഉത്തരവ്**

ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് (ആവാസ്) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കി പരാമർശം ഒന്ന് പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ 'പ്രയോജനങ്ങൾ' എന്ന തലക്കെട്ടിന് കീഴിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസിനൊപ്പം 2 ലക്ഷം രൂപ യുടെ അപകട ഇൻഷ്വറൻസ് കൂടി ഉൾപ്പെടുത്തുന്നതാണ് എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) പരാമർശ ഉത്തരവ് മേൽ ഭേദഗതികളോട് കൂടി നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.
ടോം ജോസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽഅക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ.റ്റി. മിഷൻ,തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

25840

GOVERNMENT OF KERALA

Abstract

Labour & Skills Department – Health and Sanitation aminities to Interstate Migrant Workes - District level Squad – Constituted - Orders issued.

LABOUR & SKILLS (E) DEPARTMENT

G.O.(Rt) No. 1717/2015/LBR Dated, Thiruvananthapuram 17.12.2015.

Read:- 1. G.O.(Rt) No. 3754/15/H&FWD dated 21.11.2015.
2. Letter No. G(4) 2720/2015 dated 23.11.2015 from the Labour Commissioner. Thiruvananthapuram.

ORDER

In view of the ongoing monsoon and as a preventive measure to curb the spread of communicable diseases, the Labour Commissioner has forwarded a proposal to constitute a district level squad in each district including District Labour Officer (E) from Labour Department as Convener, District Medical Officer from Health Department, Deputy Director from Local Self Government and Inspector of Factories and Boilers Department as members to monitor the outbreak and prevention of communicable diseases in areas where the Inter State Migrant workmen are dwelling. The squad will conduct periodical inspection/ visits in the establishment/ factories/ plantation at least once in a week and take action accordingly.

2) Government have examined the matter and are pleased to constitute a District level Squad including District Labour Officer (E) from Labour Department as Convener, District Medical Officer from Health Department, Deputy Director from Local Self Government and Inspector of Factories and Boilers Department as members.

By Order of the Governor,
Prasannakumari.M.C,
Joint Secretary.

The Labour Commissioner, Thiruvananthapuram.
The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A & E), Kerala, Thiruvananthapuram.
The Director of Health Service, Thiruvananthapuram.
The Director, Local Self Government Department.
The Director, Factories and Boilers Department.
Stock File/ Office Copy.

Forwarded / By Order,

Section Officer.

Endorsement No. G(4)- 2720/2015 dt 16/01/2016

Copy of the Government order is forwarded to all RJLC and District Labour officer (E) for information and necessary action.

yours faithfully

Copy to, PA to LC, CA to ALC(E)

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - മരണമടയുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ ഭൗതിക ശരീരം സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിന് റിവോൾവിംഗ് ഫണ്ട് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

സ.ഉ (സാധാ) നം.668/2018/തൊഴിൽ — തിരുവനന്തപുരം, തീയതി, 04.06.2018.

---

പരാമർശം:-
1. 29.03.2010-ലെ സ.ഉ (എം.എസ്) 46/2010/തൊഴിൽ നമ്പർ ഉത്തരവ്.
2. ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 6.3.2018-ലെ കുറിപ്പ്.
3. 03.04.2018 തീയതിയിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്.

## ഉത്തരവ്

കേരളത്തിൽ ജോലി ചെയ്യുന്നതിനിടെയുണ്ടാകുന്ന അപകടങ്ങളിൽ മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ മൃതദേഹം സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിച്ച് നൽകുന്ന വിഷയം തൊഴിൽ വകുപ്പ് പരിഗണിച്ച് നടപടികൾ സ്വീകരിക്കണമെന്ന് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പരാമർശം (2) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി. കേരളത്തിൽ ജോലി ചെയ്യുന്നതിനിടെ മരണമടയുന്ന തൊഴിലാളികളുടെ മൃതദേഹം സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനായി 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൻകീഴിൽ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും ഒരു ലക്ഷം രൂപ വീതം ജില്ലാ കളക്ടർമാർക്ക് റിവോൾവിംഗ് ഫണ്ട് ആയി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും പരാമർശം (3) പ്രകാരം തീരുമാനിച്ചു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു ആയതിന്റെ അടിസ്ഥാനത്തിൽ 2010 ലെ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയുടെ ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വീതം ഓരോ ജില്ലയിലേയ്ക്കും റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതിനും ഫണ്ട് കൈകാര്യം ചെയ്യുന്നതിന് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരെ ചുമതലപ്പെടുത്തികൊണ്ടും ഉത്തരവാകുന്നു.

സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മരണം സംബന്ധിച്ച പ്രഥമ വിവര റിപ്പോർട്ട്, പോസ്റ്റ്മോർട്ടം റിപ്പോർട്ട്, തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ് II) പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) ന് തുക അനുവദിക്കാവുന്നതാണ്.

2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൻ കീഴിൽ ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുന്ന തുകയിൽ നിന്നും ഇതിനാവശ്യമായ തുക ഉടനടി അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്വീകരിക്കേണ്ടതാണ്. തുക ചെലവഴിച്ച വിവരം ഉടൻതന്നെ ലേബർ

കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ലേബർ കമ്മീഷണർ അറിയിക്കുന്നമുറയ്ക്ക് ജില്ലാ ലേബർ ഓഫീസർമാർക്ക് ഫണ്ട് "റീക്രൂപ്പ്" ചെയ്ത് നൽകുന്നതിന് കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് നടപടി സ്വീകരിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഷൈജ സി.ജി.
അണ്ടർ സെക്രട്ടറി.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്, മേട്ടുക്കട, തൈക്കാട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - മരണമടയുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ ഭൗതിക ശരീരം സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിന് രൂപീകരിച്ച റിവോൾവിംഗ് ഫണ്ടിന്റെ തുക വർധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

G.O.(Rt)No.949/2018/LBR തീയതി,തിരുവനന്തപുരം, 13/08/2018

പരാമർശം:- 1 04.06.2018ലെ സ.ഉ. (സാധാ)നം. 668/2018/തൊഴിൽ നമ്പർ ഉത്തരവ്

2 28.06.2018-ലെ ലേബർ കമ്മീഷണറുടെ ഇ.എൻ.എഫ് (4)5228/2018 നമ്പർ കത്ത്.

ഉത്തരവ്

കേരളത്തിനകത്തു വെച്ച് മരണമടയുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ മൃതദേഹം സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനായി 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയുടെ ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വീതം ഓരോ ജില്ലയ്ക്കും റിവോൾവിംഗ് ഫണ്ട് അനുവദിച്ചുകൊണ്ടും ആയത് കൈകാര്യം ചെയ്യുന്നതിന് ജില്ലാ ലേബർ ഓഫീസർമാരെ ചുമതലപ്പെടുത്തികൊണ്ടും പരാമർശം ( 1 ) പ്രകാരം ഉത്തരവായിട്ടുണ്ടായിരുന്നു. എന്നാൽ ഇതര സംസ്ഥാന തൊഴിലാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് ഈ തുക വളരെ പരിമിതമായതിനാൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം അനുവദിച്ച ഒരു ലക്ഷം രൂപ 2 ലക്ഷം രൂപയാക്കി ഉയർത്തുന്നത് ഉചിതമായിരിക്കുമെന്നും സർക്കാർതലത്തിൽ പരിശോധിച്ച് തുക വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ലേബർ കമ്മീഷണർ പരാമർശം ( 2 ) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിനകത്തു വെച്ച് മരണമടയുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ മൃതദേഹം സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനായുള്ള ചെലവ് വഹിയ്ക്കുന്നതിനായി, 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയുടെ ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വീതം ഓരോ ജില്ലയിലേയ്ക്കും അനുവദിച്ചുകൊണ്ട് രൂപീകരിച്ച റിവോൾവിംഗ് ഫണ്ടിന്റെ തുക രണ്ട് ലക്ഷം രൂപയാക്കി ഉയർത്തികൊണ്ട് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി.ജി.
അണ്ടർ സെക്രട്ടറി.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്, മേട്ടുക്കട, തൈക്കാട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇതര സംസ്ഥാന കടിയേറ്റ തൊഴിലാളികൾക്കായുള്ള ആരോഗ്യ ഇൻഷുറൻസ് (ആവാസ്)-ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

സ.ഉ (സാധാ) നം.107/2018/തൊഴിൽ തിരുവനന്തപുരം, തീയതി, 27.01.2018.

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 325/16/തൊഴിൽ തീയതി 27.10.16

2. ലേബർ കമ്മീഷണറുടെ 09/06/17, 17/11/17 എന്നീ തിയതികളിലെ ഇ.എൻ.എഫ് (4) 11577/2016(1) നമ്പർ കത്ത്.

<u>ഉത്തരവ്</u>

ആവാസ് പദ്ധതി പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിലേയ്ക്കായി ജില്ലാ ലേബർ ഓഫീസർമാർ മുൻകൈ എടുത്ത് എല്ലാ ജില്ലാ ഹെഡ്ക്വാർട്ടേഴ്സുകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും ഫെസിലിറ്റേഷൻ സെന്ററുകളെക്കുറിച്ചും അവയുമായി ബന്ധപ്പെടാനുള്ള മാർഗ്ഗങ്ങളെപ്പറ്റിയുമുള്ള പൂർണ്ണവിവരങ്ങൾ വിവിധ ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണെന്ന് ആവാസ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ള പരാമർശം ഒന്നാമതായി വായിച്ച ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

സംസ്ഥാനത്ത് 14 ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കേണ്ടത് പദ്ധതിയുടെ പ്രവർത്തനത്തിന് അത്യാവശ്യമാണെന്നും, ഇതിനായി പ്രാരംഭഘട്ടമെന്ന നിലയിൽ ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ യഥാക്രമം കഴക്കൂട്ടം, പെരുമ്പാവൂർ, ഫറൂക്ക് എന്നീ സ്ഥലങ്ങളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാവുന്നതാണെന്നും പരാമർശം 2 പ്രകാരം ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ജില്ലകളിലെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽപരമായി ആവശ്യമായ സഹായങ്ങൾ ഫെസിലിറ്റേഷൻ സെന്റർ മുഖേന നൽകേണ്ടതിനാൽ ഹിന്ദി/ബംഗാളി ഭാഷകൾ നന്നായി എഴുതാനും വായിക്കുവാനും അതോടൊപ്പം മലയാളം സംസാരിയ്ക്കുവാനും കഴിവുള്ളവരെ ഫെസിലിറ്റേഷൻ സെന്ററുകളിൽ ക്ലറിക്കൽ തസ്തികയിലെ ശമ്പള സ്കെയിലിൽ ദിവസവേതന അടിസ്ഥാനത്തിൽ കൗൺസിലർമാരായി നിയമിക്കേണ്ടതുണ്ടെന്നും ഇതരസംസ്ഥാന തൊഴിലാളികളുടെ ജോലി, ബാങ്കിംഗ് ആരോഗ്യ യാത്രസംബന്ധമായ എല്ലാ ആവശ്യങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, നിർമ്മാണ മേഖലയിൽ ജോലിയ്ക്കിടെ അപകടത്തിൽപ്പെട്ട് മരണപ്പെടുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ ആശ്രിതർക്ക് സർക്കാർ തലത്തിൽ നിന്നും ആവശ്യമായ ധനസഹായം ലഭ്യമാക്കാൻ സഹായം നൽകുക, അർഹതപ്പെട്ട നിയമപരിരക്ഷയെക്കുറിച്ച് ബോധവൽക്കരണം നടത്തുക തുടങ്ങിയ ചുമതലകളാണ് ഇവർക്കുള്ളതെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ ലേബർ ഓഫീസർ കൺവീനറുമായും തൊഴിലുടമാ പ്രതിനിധികൾ ട്രേഡ് യൂണിയൻ പ്രതിനിധികൾ, ആരോഗ്യവകുപ്പ്, പോലീസ്, തദ്ദേശസ്വയംഭരണ വകുപ്പുകൾ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ അംഗങ്ങളാക്കിയും രൂപീകരിക്കുന്ന ഒരു

കമ്മിറ്റിക്കാണ് ജില്ലകളിലെ ഫെസിലിറ്റേഷൻ സെന്ററുകളുടെ ചുമതലയെന്നും ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

ഒരു ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള ചെലവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. ആഫീസ് വാടക | - 63,000/- രൂപ |
| 2. ആഫീസ് ഫർണിഷിംഗും ഫർണിച്ചറും | - 2,00,000/- രൂപ |
| 3. ഫോൺ, നെറ്റ് കണക്ഷൻ ഇലക്ട്രിസിറ്റി, വെള്ളം | - 60,000/- രൂപ |
| 4. സ്റ്റേഷനറി & പ്രിന്റിംഗ് | - 60,000/- രൂപ |
| 5. കൗൺസിലർമാർക്കുള്ള ദിവസ വേതനം, സർക്കാർ നിശ്ചയിച്ച നിരക്കിൽ | - 5,11,200/-രൂപ |
| 6. ലാപ്ടോപ് -സോഫ്റ്റ്‌വെയർ | - 40,000/- രൂപ |
| ആകെ | - 9,34,200/- രൂപ |

ഇപ്രകാരം 3 ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന് ഒരു വർഷത്തേയ്ക്ക് ആകെ 28,02,600/- രൂപ (ഇരുപത്തെട്ടുലക്ഷത്തി രണ്ടായിരത്തി അറുന്നൂറ് രൂപാ മാത്രം) ചെലവ് വരുമെന്നും ടി ഇക ആവാസ് പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ള 2230-01-103-52 എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകണമെന്നും ലേബർ കമ്മീഷണർ അഭ്യർഥിച്ചിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ലേബർ കമ്മീഷണറുടെ ശിപാർശ പ്രകാരം, ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ യഥാക്രമം കഴക്കൂട്ടം, പെരുമ്പാവൂർ, ഫറൂക്ക് എന്നീ സ്ഥലങ്ങളിൽ ആകെ 28,02,600/- രൂപ (ഇരുപത്തെട്ടുലക്ഷത്തി രണ്ടായിരത്തി അറുന്നൂറ് രൂപാ മാത്രം) ചെലവിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പദ്ധതിയ്ക്കായുള്ള ചെലവ് 2017-18 സാമ്പത്തിക വർഷത്തിൽ ആവാസ് പദ്ധതിക്കായി അനുവദിച്ചിട്ടുള്ള 2230-01-103-52 എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ലീന എ.**
**അണ്ടർ സെക്രട്ടറി**

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

File No.LBRD-D2/223/2019-LBRD

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് - പ്ലാൻ - 2019-20 -ഇതരസംസ്ഥാന തൊഴിലാളികൾക്കും സംസ്ഥാന തൊഴിലാളികൾക്കും മെച്ചപ്പെട്ട താമസ സൗകര്യം - 'അപ്നാഘർ' പദ്ധതി - കിനാലൂർ സ്കീം - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (ഡി)വകുപ്പ്

**സ.ഉ.(സാധാ) നം.59/2020/തൊഴില്** തീയതി,തിരുവനന്തപുരം, 14/01/2020

പരാമർശം:- 1 1 ലേബർ കമ്മീഷണറുടെ 18.06.2019-ലെ പി(1) 6883/2019 നമ്പർ കത്ത്.

2 28.12.2019-ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

<u>ഉത്തരവ്</u>

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2230-01-103-16 (പി) ശീർഷകത്തിൽ ഇതരസംസ്ഥാന തൊഴിലാളികൾക്കും സംസ്ഥാന തൊഴിലാളികൾക്കും മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്നതിന് 'അപ്നാഘർ' പദ്ധതി കിനാലൂർ സ്കീമിനായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പരാമർശ കത്ത് പ്രകാരം ഇതര സംസ്ഥാന തൊഴിലാളികൾക്കും സംസ്ഥാന തൊഴിലാളികൾക്കും മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്നതിന് 'അപ്നാഘർ' പദ്ധതി കിനാലൂർ സ്കീമിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകണമെന്ന് ലേബർ കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു. ഇതിലേക്ക് 'അപ്നാഘർ' പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഭവനം ഫൗണ്ടേഷൻ പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ടി ശിപാർശ 28.12.2019-ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പരിഗണിക്കുകയും പ്രസ്തുത പദ്ധതികൊണ്ട് ഇതര സംസ്ഥാന തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് പഠനം നടത്തണമെന്ന വ്യവസ്ഥയോടെ ശിപാർശ അംഗീകരിക്കുകയും ചെയ്തു.

3) 28.12.2019-ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കും സംസ്ഥാന തൊഴിലാളികൾക്കും മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്നതിന് സിവിൽ, പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ ഉൾപ്പെടെ പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണത്തിന് 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിലെ 2230-01-103-16(പി) ശീർഷകത്തിൽ നിന്നും 5,00,00,000/-രൂപ (അഞ്ച് കോടി രൂപ മാത്രം) വിനിയോഗിക്കുന്നതിന് ലേബർ കമ്മീഷണർക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) 'അപ്നാഘർ' പദ്ധതി കൊണ്ട് ഇതര സംസ്ഥാന തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ലേബർ കമ്മീഷണർ ഒരു പഠനം അടിയന്തരമായി നടത്തി റിപ്പോർട്ട് സർക്കാരിൽ സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സത്യജിത് രാജൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, ഭവനം ഫൗണ്ടേഷൻ കേരള, ടി.സി. 13/287/1,
പനച്ചമൂട്ടിൽ, മുളവന ജംഗ്ഷൻ, കുന്നുകുഴി, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം -35
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ ( എ) വകുപ്പ്
തൊഴിൽ (ജെ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

File No.LBRD-E2/5/2018-LBRD

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് - ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്) - സൗജന്യ ചികിത്സാ ധനസഹായം വർദ്ധിപ്പിച്ചുകൊണ്ടും അപകടം മൂലമുള്ള അംഗവൈകല്യത്തിന് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിക്കൊണ്ടും ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.1330/2019/തൊഴിൽ തീയതി,തിരുവനന്തപുരം, 01/11/2019

പരാമർശം:-1 27.10.16ലെ സ.ഉ (സാധാ)നം. 1325/2016/തൊഴിൽ നമ്പർ ഉത്തരവ്.
2 17.10.2019 ലെ ലേബർ കമ്മീഷണറുടെ ഡബ്ല്യു(2)7140/2019 നമ്പർ കത്ത്

<u>ഉത്തരവ്</u>

ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് (ആവാസ്) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കി പരാമർശം ഒന്ന് പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ 'പ്രയോജനങ്ങൾ' എന്ന തലക്കെട്ടിന് കീഴിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000/- രൂപയുടെ സൗജന്യ ചികിത്സ എന്നത് 25,000/-രൂപയായി ഉയർത്തിക്കൊണ്ടും, ചികിത്സാ പരിധിയിൽ പ്രസവസംബന്ധമായ ചികിത്സ കൂടി ഉൾപ്പെടുത്തിക്കൊണ്ടും, അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

2)പരാമർശ ഉത്തരവ് മേൽ ഭേദഗതികളോട് കൂടി നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
അണ്ടർ സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് - പ്ലാൻ - 2020-21 –നഗര പ്രദേശങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് 'സ്റ്റുഡിയോ അപ്പാർട്ട്മെന്റ്', തോട്ടം തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്നതിന് ഭവനം പദ്ധതി 'ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീം', ഇതര സംസ്ഥാന തൊഴിലാളികൾക്കും സംസ്ഥാന തൊഴിലാളികൾക്കും മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്നതിന് 'അപ്നാഘർ' പദ്ധതി കിനാലൂർ സ്കീം രണ്ടാം ഘട്ടം - പദ്ധതികൾക്ക് - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.564/2020/തൊഴില് തീയതി,തിരുവനന്തപുരം, 29/05/2020

പരാമർശം:- 1 19.03.2020-ലെ ലേബർ കമ്മീഷണറുടെ പി(1) 12713/2019 നമ്പർ കത്ത്.

2 11.05.2020-ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

<u>ഉത്തരവ്</u>

2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 4250-00-201-91(പി) ശീർഷകത്തിൽ വകയിരുത്തിയിരുന്ന 180 ലക്ഷം രൂപ നഗര പ്രദേശങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് 'സ്റ്റുഡിയോ അപ്പാർട്ട്മെന്റ്' നിർമ്മിക്കുന്നതിനും, 2230-01-103-15 (പി) ശീർഷകത്തിൽ വകയിരുത്തിയിരുന്ന 80 ലക്ഷം രൂപ തോട്ടം തൊഴിലാളികൾക്കായി മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്നതിന് 'ഭവനം' പദ്ധതി ' ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീം' - ന്റെ നിർമ്മാണത്തിനും, 2230-01-103-16(പി) ശീർഷകത്തിൽ വകയിരുത്തിയിരുന്ന 375 ലക്ഷം രൂപ ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്നതിന് 'അപ്നാഘർ' പദ്ധതി കിനാലൂർ സ്കീം രണ്ടാം ഘട്ടം നിർമ്മാണത്തിനും ഭരണാനുമതി നൽകണമെന്ന് ലേബർ കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു. ഇതിലേക്ക് പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായ ഭവനം ഫൗണ്ടേഷൻ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ടി ശിപാർശ 11.05.2020 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) <u>നഗര പ്രദേശങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് സ്റ്റുഡിയോ അപ്പാർട്ട്മെന്റ്</u>

ടി പദ്ധതിയുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് സി.റ്റി.ഇ യുടെ സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കണമെന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ, 2020-21-ലെ സംസ്ഥാന പ്ലാൻ ബഡ്ജറ്റിൽ 4250-00-201-91 (പി) ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 180 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നല്കുന്നു. ടി പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ബാക്കി തുക ഭവനം ഫൗണ്ടേഷന്റെ തനതു ഫണ്ടിൽ നിന്നും വിനിയോഗിക്കണമെന്ന വ്യവസ്ഥയോടെ പദ്ധതി നടത്തിപ്പിനാവശ്യമായ ആകെ തുകയായ 17.65 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരവും നല്കുന്നു.

(ii) <u>ഭവനം പദ്ധതി 'ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീം'</u>

2020-21 സംസ്ഥാന ബഡ്ജറ്റിൽ 2230-01-103-15(പി) ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 80 ലക്ഷം രൂപ തോട്ടം തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്നതിന് പദ്ധതിക്കായി വിനിയോഗിക്കുന്നതിനു ഭരണാനുമതി നല്കുന്നു.

(iii) **'അപ്നാഘർ' പദ്ധതി കിനാലൂർ സ്കീം -ന്റെ രണ്ടാം ഘട്ടം** 2020-21 സംസ്ഥാന ബഡ്ജറ്റിൽ 2230-01-103-16(പി) ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 375 ലക്ഷം രൂപ ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്നതിന് നിർമ്മാണത്തിന് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകുന്നു.

ടെണ്ടർ നടപടികളും പർച്ചേസുകളും നിലവിലെ നിയമങ്ങളും നടപടിക്രമങ്ങളും കർശനമായി പാലിച്ചുകൊണ്ടായിരിക്കണം നടത്തേണ്ടത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സത്യജിത് രാജൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, ഭവനം ഫൗണ്ടേഷൻ കേരള, ടി.സി. 13/287/1, പനച്ചമൂട്ടിൽ, മുളവന ജംഗ്ഷൻ, കുന്നുകുഴി, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം -35
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്
തൊഴിൽ (ജെ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by ANISHA VIJAYAN
Date: 2020.06.01 16:14:05 IST
Reason: Approved

സെക്ഷൻ ഓഫീസർ